

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ജി.എം.യു.പി.സ്കൂൾ വേളൂർ

2025-26

# ജി.എം.യു.പി സ്കൂൾ,വേളൂർ അത്തോളി

പി.ഒ അത്തോളി - 673315
ഫോൺ: 0496 2673326
Email:gmupsvelur@gmail.com

റവന്യൂ ജില്ല :കോഴിക്കോട്

വിദ്യാഭ്യാസ ജില്ല:വടകര

വിദ്യാഭ്യാസ ഉപജില്ല: കൊയിലാണ്ടി

ബ്ലോക്ക് :പന്തലായനി

ഗ്രാമപഞ്ചായത്ത് :അത്തോളി

ബി ആർ സി :പന്തലായനി

# ഉള്ളടക്കം


- ആമുഖം
- വിദ്യാലയ ചരിത്രം
- പൊതുലക്ഷ്യങ്ങൾ

വിഷയമേഖലകൾ

## എൽ  പി വിഭാഗം

- മലയാളം
- ഇംഗ്ലീഷ്
- ഗണിതം
- പരിസര പഠനം
- അറബി
- ഉറുദു
- സംസ്കൃതം

## യു പി വിഭാഗം

- മലയാളം
- ഇംഗ്ലീഷ്
- ഹിന്ദി
- അറബിക്
- സംസ്കൃതം
- ഉറുദു
- ശാസ്ത്രം
- സാമൂഹ്യശാസ്ത്രം
- ഗണിതം

- ലൈബ്രറി

ശാക്തീകരണം

- കലാപഠനം
- പ്രവൃത്തി പരിചയപഠനം
- ആരോഗ്യ കായിക വിദ്യാഭ്യാസം
- പരിസ്ഥിതി
- കാർഷികം
- ടാലൻറ് ലാബ്
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പരിശീലനം
- വിവരവിനിമയ സാങ്കേതികവിദ്യ
- ജെ ആർ സി, സ്കൗട്ട് &ഗൈഡ്സ്
- ബാലനിധി
- മോണിറ്ററിങ്
- പ്രവർത്തന കലണ്ടർ
- ഉപസംഹാരം

# ആമുഖം

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്ന ലക്ഷ്യം വെച്ചാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.ഓരോ കുട്ടിയുടെയും കഴിവും അതത് പ്രായ ഘട്ടത്തിനനുസൃതമായിഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിനും കുട്ടികളുടെ പൊതുവായതും ഓരോ കുട്ടിയുടെ സവിശേഷവുമായ കഴിവും പരിമിതിയും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് തുല്യമായ അവസരങ്ങൾ ഒരുക്കാൻ കഴിയണമെങ്കിൽ അക്കാദമിക ആസൂത്രണം ആവശ്യമാണ്. അക്കാദമിക മികവിന് ഊന്നൽ നൽകിക്കൊണ്ട് സ്കൂളിൽ നടപ്പിൽ വരുത്തിയ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി സർക്കാർ നടത്തിയ പ്രവർത്തനങ്ങളുടെ തുടർച്ചയും അതിന്റെ വികസനം കൂടിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ

1 മുതൽ 12 വരെ ഓരോ ക്ലാസിലും സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പുവരുത്തണം,എല്ലാ കുട്ടികൾക്കും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ സൃഷ്ടിക്കും.സ്വയം പഠനവും കൂട്ടായ പഠനവും പഠനപ്രക്രിയയുടെ ഭാഗമാകും.മത്സരാധിഷ്ഠിത ലോകത്തിൽ അതിജീവനത്തിന് ആവശ്യമായ ആത്മവിശ്വാസവും അറിവും പ്രാപ്തിയും ആർജ്ജിക്കുന്നതോടൊപ്പം മതനിരപേക്ഷത ജനാധിപത്യ ബോധം തുല്യത സഹവർത്തിത്വം സഹകരണം അനുതാപം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുപോക്കിനാവശ്യമായ മൂല്യബോധങ്ങൾ ഉളവാക്കാൻ സഹായകമായ പഠനപ്രക്രിയയും പഠനാന്തരീക്ഷവും ഒരുക്കും.ഫലപ്രാപ്തി വിലയിരുത്തുകയും ചെയ്യും.ഇതൊക്കെ അടിസ്ഥാനപ്പെടുത്തിയാണ് മാസ്റ്റർ പ്ലാൻ രൂപകല്പന ചെയ്തത്.

സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും സ്വപ്നങ്ങൾക്കും പ്രതീക്ഷകൾക്കും അനുസരിച്ച് നമ്മുടെ വിദ്യാലയവും സജ്ജമാക്കുന്നതിന് സഹായിക്കുന്ന പ്രവർത്തനങ്ങളാണ് ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.വിവിധ നിലവാരത്തിലുള്ള കുട്ടികൾക്കുള്ള അക്കാദമിക പ്രവർത്തനങ്ങൾ,പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ,സർഗാത്മക പ്രവർത്തനങ്ങൾ,
സാമൂഹിക വളർച്ചക്കും വ്യക്തിത്വ വികസനത്തിനും ഉതകുന്ന ഒട്ടേറെ പരിപാടികളും ആസൂത്രണങ്ങളടങ്ങിയ മാസ്റ്റർ പ്ലാൻ അക്കാദമിക മികവിലൂടെ വിദ്യാലയമികവ് എന്ന മുദ്രാവാക്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളിലൂടെ വിദ്യാലയത്തെ മുന്നോട്ടു നയിക്കുന്നതിന് കാരണമാകും.

# വിദ്യാലയ ചരിത്രം

1918 ലാണ് അത്തോളിയിലെ രണ്ടാമത്തെ വിദ്യാലയമായ വേളൂർ മാപ്പിള സ്കൂൾ പ്രവർത്തനം ആരംഭിച്ചത്.അക്കാലത്ത് നിലനിന്നിരുന്ന പ്രത്യേക സാമൂഹ്യാവസ്ഥയെ മറികടക്കുന്നതിനു വേണ്ടിയായിരുന്നു സ്കൂളിന്റെ ഉദയം.വിദ്യാഭ്യാസം ആർജിക്കുന്നതിൽ നിലനിന്നിരുന്ന സാമൂഹികാസമത്വം പരിഹരിക്കുന്നതിനുള്ള ആദ്യ പടിയായിട്ടാണ് വേളൂർ മാപ്പിള സ്കൂൾ രൂപപ്പെട്ടത്.ഭൂരിപക്ഷ വിഭാഗത്തിലെ സമ്പന്നർക്ക് മാത്രം വിദ്യാഭ്യാസം അനുവദിച്ചിരുന്ന കാലമായിരുന്നു പണ്ട്.സാമൂഹികാ സമത്വവും ദാരിദ്ര്യവും മതാധിഷ്ഠിത ചിന്തകളും എല്ലാം കൂടി, അവർണ്ണർക്കും ന്യൂനപക്ഷ വിഭാഗങ്ങൾക്കും വിദ്യാഭ്യാസം എത്തിപ്പിടിക്കാൻ കഴിയാത്ത അവസ്ഥ നിലനിന്നിരുന്ന കാലത്താണ് ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട മുസ്ലിം പെൺകുട്ടികൾക്ക് വിദ്യാഭ്യാസം നൽകുന്നതിനായി വ്യാപകമായി മുസ്ലിം സ്കൂളുകൾ സ്ഥാപിക്കപ്പെട്ടത്.അക്കാലത്ത് നിലനിന്നിരുന്ന മതപരമായ കാഴ്ചപ്പാടുകളെ മറികടക്കുന്നതിന് കൂടിയായിരുന്നു പ്രത്യേക സൗകര്യങ്ങളോടുകൂടിയ മാപ്പിള സ്കൂളുകളുടെ ഉദയം.ഈ ഗണത്തിലാണ് നമ്മുടെ സ്കൂളിന്റെ സ്ഥാനവും.

ഇടക്കകാലത്ത് കനിയിൽ കടവിനു സമീപമുള്ള മദ്രസയിലും തൊട്ടടുത്ത പീടിക മുറികളിലുമൊക്കെയാണ് വിദ്യാലയം പ്രവർത്തിച്ചത്.1960 കളുടെ അവസാന കാലത്താണ് സ്കൂളിന് സ്വന്തമായി സ്ഥലവും കെട്ടിടവും ലഭിച്ചത്.ഈ വിദ്യാലയത്തിലെ പൂർവഈ വിദ്യാലയത്തിലെ പൂർവ വിദ്യാർത്ഥിയായിരുന്ന ബഹു .സി. എച്ച് മുഹമ്മദ് കോയ കേരളത്തിന്റെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്താണ് സ്കൂൾ വളർച്ചയുടെ നാഴികക്കല്ല് താണ്ടിയത്. അക്കാലത്താണ് ആരുടെയും ശ്രദ്ധയാകർഷിക്കുന്ന പ്രൗഢഗംഭീരമായ കെട്ടിടവും ഒരേക്കർ സ്ഥലവും സ്കൂളിനായി ലഭിച്ചത്.

ഓട്ടമ്പലം, കനിയിൽക്കടവ്, വേളൂർ, കൊങ്ങന്നൂർ, തോരായി, അത്തോളി ഭാഗങ്ങളിലെ മുസ്ലിം ന്യൂനപക്ഷ വിഭാഗങ്ങൾ, കനിയിൽ കടവുമായി ബന്ധപ്പെട്ട പരമ്പരാഗത മത്സ്യത്തൊഴിലാളികൾ, കയർ തൊഴിലാളികൾ, പട്ടികജാതിയിൽപ്പെട്ട മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ കുട്ടികളായിരുന്നു ഭൂരിഭാഗവും ഈ വിദ്യാലയത്തിൽ ഉണ്ടായിരുന്നത്.ഇത്തരം കുട്ടികളെ സമൂഹത്തിന്റെ ഉന്നത നിലകളിൽ എത്തിക്കാൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.ഈ പെരുമ തന്നെയായിരുന്നു സ്കൂളിന്റെ ഏറ്റവും വലിയ മുതൽക്കൂട്ട്.

അക്കാദമിക മികവ് നിലനിർത്തിപ്പോരുന്നതിനാലും വിദ്യാലയത്തിന് അനുവദിച്ച് കിട്ടിയ പുതിയ കെട്ടിടങ്ങൾ അടിസ്ഥാന സൗകര്യ വികസനത്തിന് കാരണമായതിനാലും ഈ പൊതുവിദ്യാലയം ഇന്ന് ഏറെ മുന്നോട്ട് പോയിരിക്കുന്നു.കൊയിലാണ്ടി ഉപജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന പ്രൈമറി വിദ്യാലയങ്ങളിൽ ഒന്നാണ് വേളൂർ മാപ്പിള സ്കൂൾ.എൽ പി വിഭാഗത്തിൽ 13 ഡിവിഷനുകളും യുപി വിഭാഗത്തിൽ 17 ഡിവിഷനുകളും ഉള്ള വിദ്യാലയത്തിൽ 999 കുട്ടികൾ പഠിക്കുന്നുണ്ട്.പ്രീ പ്രൈമറി വിഭാഗത്തിൽ 90 കുട്ടികൾ പഠിക്കുന്നുണ്ട്.അധ്യാപക - അനധ്യാപക ജീവനക്കാർ ഉൾപ്പെടെ 41 പേർ സ്ഥാപനത്തിന്റെ ഭാഗമായി പ്രവർത്തിക്കുന്നു.കൂടാതെ പ്രീ പ്രൈമറി വിഭാഗത്തിൽ അധ്യാപക അനധ്യാപക ജീവനക്കാർ ഉൾപ്പെടെ 6 പേരും പാചക, ശുചീകരണ തൊഴിലാളികളായി 3 പേരും ജോലി ചെയ്യുന്നു.

# ലക്ഷ്യങ്ങൾ

**ഒ**ന്നു മുതൽ ഏഴ് വരെ , ഓരോ ക്ലാസിലും കുട്ടി ആർജിക്കേണ്ട ശേഷികളും ധാരണകളും നൈപുണികളും നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നു.

മികച്ച മാനസിക- വൈകാരിക- ശാരീരികാരോഗ്യം ഉറപ്പാക്കുന്നു.

വൈവിധ്യമാർന്ന പാഠ്യേതര വിഷയങ്ങളിൽ പങ്കെടുക്കുന്നതിന് കുട്ടികൾക്ക് അവസരം.

കുട്ടികളുടെ സർഗ്ഗപരമായ കഴിവുകൾ വികസിപ്പിക്കുന്നു.

മാനവിക മൂല്യങ്ങൾ മുറുകെപ്പിടിച്ച് സേവന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

കാർഷിക സംസ്കാരം കുട്ടികളിൽ വളർത്തിയെടുക്കുന്നു.

മാലിന്യ സംസ്കരണം ഒരു സംസ്കാരമായി വളർത്തിയെടുക്കുന്നു.

പ്ലാസ്റ്റിക് വിമുക്ത ലഹരി വിരുദ്ധ കലാലയം സൃഷ്ടിക്കുന്നു.

പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി , മുഖ്യധാരയിൽ എത്തിക്കുന്നു.

ഐടി അധിഷ്ഠിത വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നു.

ലൈബ്രറി, ലബോറട്ടറി ആധുനികവൽക്കരിക്കുന്നു.

കുട്ടികൾക്കും രക്ഷിതാക്കൾക്കും വ്യക്തിത്വവികസന കൗൺസിലിംഗ് ക്ലാസ് സംഘടിപ്പിക്കുന്നു.

ഇംഗ്ലീഷ് , ഹിന്ദി എന്നീ ഭാഷാപ്രാവീണ്യമുൾപ്പെടെ , വിദ്യാർഥികളുടെ ആശയവിനിമയശേഷിയും ജീവിത നൈപുണികളും വികസിപ്പിക്കുന്നു.

പാഠ്യ-പഠ്യേതര വിഷയങ്ങളിൽ പ്രാദേശികമായ വിദഗ്ധരുടെ സേവനം ഉറപ്പാക്കുന്നു.

വിദ്യാർത്ഥികളെ മത്സര പരീക്ഷകൾ അഭിമുഖീകരിക്കുന്നതിന് പ്രാപ്തരാക്കുന്നു.
ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

ടാലൻറ് ലാബ് യാഥാർത്ഥ്യമാക്കുന്നതിന്

ജനാധിപത്യ ശീലങ്ങൾ സ്വായത്തമാക്കുന്നതിന്( നേതൃശേഷി ,അച്ചടക്കം ,പരസ്പര ബഹുമാനം, ഐക്യം തുടങ്ങിയവ)

ലിംഗസമത്വം, മതേതരത്വം, മാനവികത, ദേശീയത എന്നിവ ഉറപ്പുവരുത്തുന്നതിന്.

ആരോഗ്യ കായിക വിദ്യാഭ്യാസ പരിശീലനം നൽകുന്നതിനും ജീവിതത്തിൽ ശീലമാക്കുന്നതിനും.

ഭിന്നശേഷി കുട്ടികളുടെ അക്കാദമിക മികവുകൾ പരിപോഷിപ്പിക്കുന്നു.പഠന പിന്തുണ സംവിധാനങ്ങൾ സാമൂഹികപിന്തുണ ഉറപ്പുവരുത്തുന്നു

സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് അവസരം

[redacted]

മേഖല - അക്കാദമികം

ഉപമേഖല - മലയാളം - എൽ.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മലയാളം അക്ഷരങ്ങളിൽ ചിഹ്നങ്ങൾ ചേർത്ത് പദങ്ങൾ നിർമ്മിക്കാനും അവ വായിക്കാനും എഴുതാനുമുള്ള ശേഷികൾ എല്ലാ വിദ്യാർത്ഥികൾക്കും കൈവരിക്കാൻ സാധിക്കുക | പ്രീ ടെസ്റ്റ് നടത്തി പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തൽ ,സന്നദ്ധതാപ്രവർത്തനങ്ങൾ, ചിഹ്നങ്ങൾ ചേർത്ത് എഴുതാനുള്ള പോക്കറ്റ് കാർഡുകൾ , അക്ഷരക്കാർഡ് , പദക്കാർഡ് , വാക്കുകൾ നിർമ്മിക്കുക , വർക്ക്ഷീറ്റ് തികച്ചും ലളിതമായ പദങ്ങളിൽ ചിഹ്നങ്ങൾ ചേർക്കാനുതകുന്ന വർക്ക്ഷീറ്റുകൾ ഒരു പുറത്ത് ക്ലാസിൽ ചെയ്യാം. മറുപുറത്ത് ഇതേ ചിഹ്നം ചേർത്ത് വീട്ടിൽ നിന്ന് ചെയ്യാനാവശ്യമായ വർക്ക്ഷീറ്റ് നൽകുക , സംയുക്തഡയറി , ക്ലാസ്പത്രം | ജൂൺ<br>ഡിസംബർ | ക്ലാസ് ടീച്ചർ<br>ഒരു കോഡിനേറ്റർ | പി.ടി.എ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | വായനോത്സവം , പാട്ടരങ്ങ് , റിഡേഴ്സ് തിയേറ്റർ , പദക്കാർഡ് വാക്കുകൾ ചേർത്ത് വാക്യങ്ങൾ, വായന,വാക്യകാർഡുകൾ,വായനമൂല, ക്ലാസ് വായനക്കൂട്ടം, ക്ലാസ് ലൈബ്രറി ദിനാചരണങ്ങൾ, കഥ, വായന, പത്രവായന | ജൂൺ<br>ഡിസംബർ | ക്ലാസ് ടീച്ചർ | |
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ പ്രാപ്തരാക്കുക | രചനോത്സവം,സാങ്കല്പിക ഡയറി, അടിക്കുറിപ്പ് ,ചുമർ പത്രിക , കഥാരചന , കവിതാപൂരണം , കഥാപൂരണം , കുറിപ്പ് തയ്യാറാക്കൽ , വിവരണം , ക്ലാസ് മാഗസിൻ വായനകുറിപ്പ്, (ഐസിടി സാധ്യത ഉപയോഗിച്ച് ചിത്രം കാണുന്നു.,കഥ എഴുതൽ ,അടിക്കുറിപ്പ് തയ്യാറാക്കൽ ) രചനപരിചയകുറിപ്പ് , ബാലസാഹിത്യകൃതി പ്രസിദ്ധീകരണം. | ജൂൺ<br>ആഗസ്റ്റ് | ക്ലാസ് ടീച്ചർ | പി.ടി.എ |
| സർഗചുമർ പ്രാവർത്തികമാക്കുക | കുട്ടികളുടെ രചനകൾ (കഥ, കവിത, ചിത്രം )ഇവ പ്രദർശിപ്പിക്കുന്നതിന്സ്ഥിരം സംവിധാനം ഒരുക്കുന്നു | ജൂൺ<br>മാർച്ച് | ക്ലാസ് ടീച്ചർ | |

മേഖല - അക്കാദമികം　　　　ഉപമേഖല - ഇംഗ്ലീഷ് - എൽ.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക | ഐ.സി.ടി സാധ്യത ഉപയോഗിച്ച് അറേഞ്ചിംഗ് ലെറ്റേർസ് പ്രവർത്തനം , സംഖ്യാപോക്കറ്റ് മാതൃകയിൽ വേഡ് പോക്കറ്റ് നിർമ്മാണം ഗെയിം ആയി അവതരിപ്പിക്കുന്നു. പിക്ചർ കാർഡ് വേർഡ് കാർഡ് മേച്ചിംഗ് കാർഡ് (മെറ്റീരിയൽ നിർമ്മിക്കൽ ) | ആഗസ്റ്റ് ഡിസംബർ | ക്ലാസ് ടീച്ചർ ഒരു കോഡിനേറ്റർ | ക്ലാസ് പ്രോജക്ട് |
| എല്ലാ കുട്ടികളെയും ഇംഗ്ലീഷ് ഭാഷ ലളിതമായി കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | ഇംഗ്ലീഷ് തിയേറ്റർ - പാഠഭാഗങ്ങൾ നാടകീകരിച്ച് രണ്ടാഴ്ചയിലൊരിക്കൽ അവതരണം. അവതരണത്തിനാവശ്യമായ ഉപകരണങ്ങൾ (മുഖംമൂടി) ഇംഗ്ലീഷ് വാക്യം ചിത്രവുമടങ്ങിയ തൊപ്പി ധരിക്കുവാൻ നൽകുന്നു.<br>സ്കൂളിലെ വസ്തുക്കളിൽ ഇംഗ്ലീഷ് പേരെഴുതി പതിക്കൽ. ഇംഗ്ലീഷ് ഭാഷ ഗെയിമുകൾ തയ്യാറാക്കി ഉപയോഗിക്കൽ -ശേഖരിക്കൽ. ഇംഗ്ലീഷ് അസംബ്ലി,സ്കിറ്റ് അവതരണം ,പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സിനിമ പ്രദർശനം,ഭാഷ കേൾക്കാനുള്ള അവസരങ്ങൾ ഒരുക്കൽ , സിംപിൾ ഇംഗ്ലീഷ് സ്റ്റോറീസ്, റീഡിംഗ് കാർഡ്സ് ഇവ നൽകുന്നു.അർത്ഥം കണ്ടെത്തൽ<br>പിറന്നാൾ, ന്യൂഇയർ,ഓണം, ക്രിസ്മസ് എന്നീ വേദികളിൽ ഇംഗ്ലീഷിൽ കാർഡ് നിർമ്മാണം , പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കുന്നു.ംവീ മാ ശ കടങ്കഥ രൂപീകരണം,ലിഘഹശവെ ഉലഴെ | ജൂൺ ആഗസ്റ്റ്<br><br>ആഗസ്റ്റ് ഡിസംബർ<br><br>ജൂൺ ഡിസംബർ | ക്ലാസ് ടീച്ചർ ഇംഗ്ലീഷ് ഭാഷാ അധ്യാപകൻ ക്ലാസ് ടീച്ചർ | അധ്യാപകരുടെ കൂട്ടായ്മ |
| ഇംഗ്ലീഷ് ഭാഷാ പഠനത്തിൽ രക്ഷിതാക്കളുടെ പിന്തുണ ഉറപ്പാക്കൽ പുതിയ ഇംഗ്ലീഷ് പാഠ്യപദ്ധതിയിൽ രക്ഷിതാക്കൾക്ക് അവബോധം ഉണ്ടാക്കുക | ഇംഗ്ലീഷ് ഭാഷാനൈപുണി വികസിപ്പിക്കുന്നതിൽ രക്ഷിതാക്കളുടെ പങ്ക് പുതിയ ഇംഗ്ലീഷ് പാഠ്യപദ്ധതി സമീപനം ഈ വിഷയത്തിൽ രക്ഷിതാക്കൾക്കായി ഏകദിന ശില്പശാല സംഘടിപ്പിക്കൽ | | ക്ലാസ് ടീച്ചർ | പി.ടി.എ |

മേഖല - അക്കാദമികം ഉപമേഖല - പരിസരപഠനം - എൽ.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രൈമറിതലത്തിൽ 1 മുതൽ 4 വരെ ക്ലാസിലെ വിദ്യാർത്ഥികൾക്ക് ശാസ്ത്ര-സാമൂഹ്യ വിഷയങ്ങളിൽ നിരീക്ഷണ, പരീക്ഷണ മേഖലകളിൽ താല്പര്യം വർദ്ധിപ്പിക്കുക. | പ്രൈമറി വിഭാഗത്തിന് പ്രത്യേകമായി ശാസ്ത്രലാബ് സജ്ജീകരിക്കുക. സാമൂഹ്യ ബോധം വളർത്തുന്നതിനായി സ്കൂൾ ചുമരുകൾ ,മാപ്പ്, പൊതു വിജ്ഞാനം, സാഹിത്യകാരൻമാർ എന്നിവ നിറപ്പകിട്ടാർന്ന ആലേഖനം | ജൂൺ മാർച്ച് | അധ്യാപകർ | പി.ടി.എ<br>എസ് എസ് കെ |
| കലാപരമായ കഴിവുകൾ വളർത്തുക | മാസത്തിൽ ഒരു അതിഥി<br>പ്രാദേശികകലകൾ,മറ്റു പരിചിതമായ കലകൾ പരചയപ്പെടുത്താൻ ബന്ധപ്പെട്ട ആളുകളെ പരിചയപ്പെടലും പരിശീലനവും | ജൂൺ മാർച്ച് | അധ്യാപകർ | പി.ടി.എ |
| കുട്ടികളിൽ പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിന് | വാരാന്ത്യപ്രശ്നോത്തരി (3,4)<br>എല്ലാ തിങ്കളാഴ്ചയും 20 ചോദ്യങ്ങൾ ക്ലാസിൽ പ്രദർശിപ്പിക്കുന്നു. അടുത്ത തിങ്കളാഴ്ച ഉത്തരം എഴുതി വരുന്നു. കൂടുതൽ മാർക്ക് കിട്ടിയ കുട്ടിക്ക് പുസ്തകം സമ്മാനമായി നൽകുന്നു. 10 റൗണ്ട് കഴിയുമ്പോൾ (മെഗാ ക്വിസ്)<br>പ്രവർത്തനം - 2 (1, 2 ക്ലാസ്)<br>പൊതു വിജ്ഞാനചെപ്പ്<br>എല്ലാ ദിവസവും ഒരു പൊതുവിജ്ഞാന സംബന്ധിയായ സംഭവങ്ങൾ ,തിയ്യതികൾ,ആളുകൾ, സ്ഥാപനങ്ങൾ,ബന്ധപ്പെട്ട വിവരങ്ങൾ ചാർട്ടുകളിൽ ദിവസേന 1 വീതം സ്ട്രിപ്പ് ഉപയോഗിച്ച് പ്രദർശനം<br>മാസാന്ത്യത്തിൽ ക്ലാസ് തല പ്രശ്നോത്തരി, ആകർഷകമായ സമ്മാനങ്ങൾ | ജൂൺ മാർച്ച്<br>ജൂൺ മാർച്ച് | ക്ലാസ് അധ്യാപകൻ<br>ക്ലാസ് അധ്യാപകൻ | പി.ടി.എ |

മേഖല - അക്കാദമികം ഉപമേഖല - പരിസരപഠനം - എൽ.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചുറ്റുപാടുകളെ കുറിച്ച് അറിയാനും നിരീക്ഷണ, പരീക്ഷണങ്ങളിലൂടെ പ്രവർത്തനം ചെയ്യാനും കുട്ടികളെ പ്രാപ്തരാക്കുന്നു. | ഫീൽഡ് ട്രിപ്പ്,ക്ലാസ് ലബോറട്ടറി, നിരീക്ഷണത്തിന്ആവശ്യമായ വീഡിയോ ക്ലിപ്സ് കാണുന്നതിനായി ഒരുക്കുക<br>മാസത്തിലൊരു പരീക്ഷണം<br>ആൽബം തയ്യാറാക്കുന്നു<br>പ്രകൃതി നടത്തം<br>പരീക്ഷണങ്ങൾക്കും നിരീക്ഷണങ്ങൾക്കും ആവശ്യമായ പഠനസാമഗ്രികൾ ക്ലാസ് ലൈബ്രറിയിൽ തയ്യാറാക്കി വെക്കൽ<br>വർക്ക്ഷീറ്റ് നൽകൽ<br>ചിത്രങ്ങൾ,തൂവലുകൾ , മണ്ണ്, വിത്ത് ഇവയുടെ ശേഖരണം | ജൂൺ- മാർച്ച് | അധ്യാപകൻ | പി.ടി.എ<br>എസ് എസ് ജി<br>എസ്എസ്കെ |
| | | | | |

## മേഖല - അക്കാദമികം

## ഉപമേഖല - ഗണിതപഠനം എൽ.പി

അളവുകളുടെയും അവയുടെ പരസ്പരബന്ധങ്ങളിലൂടെയും ലോകത്തെ മനസ്സിലാക്കുകയും ആ അറിവുമായി ലോകത്തിൽ ഇടപെട്ടുകൊണ്ട് മാറ്റങ്ങൾ ഉണ്ടാക്കുകയും ചെയ്യുക എന്നതാണ് ഗണിതശാസ്ത്രത്തിന്റെ പ്രധാന ധർമ്മം. പ്രൈമറിയിൽ ഗണിതപഠനം പൂർത്തിയാക്കുമ്പോൾ സംഖ്യകളെ വ്യാഖ്യാനിക്കാനും ക്രിയകൾ ചെയ്യാനും അവ ഉപയോഗപ്പെടുത്തി പ്രശ്നപരിഹരണം നടത്താനും കുട്ടിക്ക് കഴിയണം. കുട്ടികൾക്ക് ഗണിതപഠനം പ്രയാസമാണെന്ന അവസ്ഥ മാറി താല്പര്യം ജനിപ്പിക്കുന്ന രീതിയിലാവണം. ഇതിന് സഹായകമായ പ്രവർത്തനങ്ങളാണ് നമ്മൾ ഉറപ്പാക്കേണ്ടത്. ഗണിതം പ്രയാസമാണെന്ന ധാരണയും അടിസ്ഥാന ആശയങ്ങളിലുള്ള ധാരണക്കുറവും പഠനമാധ്യമത്തിലുള്ള പ്രശ്നങ്ങളും അപഗ്രഥനശേഷിക്കുറവും കുട്ടികളിലെ പിന്നോക്കാവസ്ഥക്ക് കാരണമാണ്.

ഗണിതാശയങ്ങൾ ആസ്വാദ്യകരമാക്കി താൽപര്യത്തോടെ ഇടപെടുന്ന പ്രവർത്തനങ്ങളാണ് ഉണ്ടാവേണ്ടത്.

### ലക്ഷ്യങ്ങൾ

- കുട്ടിയുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിന്
- ഗണിതപഠനത്തിൽ ഐസിടി സാധ്യത ഉപയോഗിക്കുന്നതിന്.
- ഗണിതം ആസ്വദിക്കാൻ പറ്റുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുന്നതിന്
- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കാൻ ഗണിതത്തെ ഉപയോഗിക്കുന്നതിന്

മേഖല - അക്കാദമികം

ഉപമേഖല ഗണിതം എൽ.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിതത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുൻനിരയിലെത്തിക്കൽ | പിന്നോക്കം നിൽക്കുന്നവരെ കണ്ടെത്താൻ പ്രീടെസ്റ്റ്. ഗണിതക്ലാസ് ഐ സി ടി സാധ്യത ഉപയോഗപ്പെടുത്തി വിട്ടുപോയ സംഖ്യകൾ ചേർക്കൽ ,ആരോഹണ അവരോഹണ ക്രമത്തിലാക്കൽ വർക്ക് ഷീറ്റ് - മഞ്ചാടി സഞ്ചി തയ്യാറാക്കൽ(സ്ട്രോ ,മഞ്ചാടി,ഈർക്കിൽ, സംഖ്യാ കാർഡ്,പുളി കുരു) | ജൂൺ- ആഗസ്റ്റ് | എസ് ആർജി സി പി ടി എ ക്ലാസ് ടീച്ചർ | എസ്എസ്കെ<br>പി ടി എ |
| എൽ.പി തലം കഴിയുമ്പോഴേക്കും എല്ലാ കുട്ടികളെയും ചതുഷ്ക്രിയകൾ ചെയ്യുവാൻ പ്രാപ്തരാക്കുക.<br>ഗണിതാസ്വാദനം | രക്ഷിതാക്കളുടെ സഹായത്തോടെ ഗണിതകിറ്റ് നിർമ്മാണം.ഗണിതപ്പാട്ടുകൾ ശേഖരിക്കൽ, പാവകളി(സങ്കലനം വ്യവകലനം)<br>ഗണിതക്വിസ് -ആഴ്ചയിൽ ഒരു ചോദ്യം നൽകി ഉത്തരം പെട്ടിയിൽ നിക്ഷേപിക്കുന്നു.ശരിയുത്തരം നറുക്കിട്ടെടുത്ത് വിജയിയെ കണ്ടെത്തൽ,വർക്ക് ബുക്ക് ,വർക്ക് ഷീറ്റ് ഇവ നൽകൽ .ഐ.സി.ടി ഉപയോഗിച്ച് ഗണിത ഗെയിം,ഗണിതകേളി<br>അതത് ക്ലാസുകളിലെ പഠന നേട്ടങ്ങളുമായി ബന്ധപ്പെട്ട ഗണിത പസിലുകൾ വിശദീകരിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു.<br>ഗണിതാശയങ്ങൾ,പ്രശ്നങ്ങൾ,പാറ്റേണുകൾ,ചിത്രങ്ങൾ ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട വിവരങ്ങൾ എന്നിവ ഉൾപ്പെടുത്തി ക്ലാസ്തല മാഗസിനുകൾ തയ്യാറാക്കുന്നു.<br>പഠനോപകരണ ശില്പശാല<br>ജ്യോമെട്രിക് മേള, സംഘടിപ്പിക്കുന്നു<br>ടാൻഗ്രാം ശില്പശാല ,ജിയോബോർഡ്<br>ഗണിതനാട്ടറിവ് ശേഖരണം | ആഗസ്റ്റ്- ഡിസംബർ<br>ദീർഘകാലം<br>ജനുവരി<br>ഫിബ്രുവരി | സി പി ടി എ ക്ലാസ് ടീച്ചർ | എസ് ആർജി<br>എസ്എസ്കെ<br>പി ടി എ |
| പതിഭാപോഷണം | ഗണിതശാസ്ത്രത്തിൽ മികച്ച കുട്ടികളുടെ ഗ്രൂപ്പ് ഉണ്ടാക്കുന്നു.അവർക്ക് ഗണിതശാസ്ത്രത്തിൽ പരിശീലനം നൽകാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാകകുന്നു. | ആഗസ്റ്റ് | അധ്യാപകർ | |

മേഖല - അക്കാദമികം                                        ഉപമേഖല  സംസ്കൃതം എൽ.പി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെ ഭാഷാപഠനം | നാമകഥന ക്രീഡ | ജൂലൈ | വിദ്യാരംഗം | |
| | അക്ഷര കാർഡ് പദകാർഡ് നിർമാണം | ഓഗസ്റ്റ് | മലയാളം ക്ലബ്ബ്കൾ വിദഗ്ദർ | |
| | പദകാർഡ് രചന മത്സരം | സെപ്തംബർ | | പി ടി എ |
| | ഗാനാലാപനം | ഒക്ടോബർ | മലയാളം / വിദ്യാരംഗം | |
| | പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്ര നിർമാണം | നവംബർ ഡിസംബർ | | |
| | കഥകേൾക്കാം പറയാം ( കളം ) | ജനുവരി ഫെബ്രുവരി | | |
| | ക്രീഡോത്സവം | മാർച്ച് | വിദ്യാരംഗം | |

# യു.പി.മലയാളം അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനും | പ്രീ ടെസ്റ്റ്. | ജൂൺ | ക്ലാസ് ടീച്ചർ ഭാഷാധ്യാപകർ | |
| പഠന പിന്തുണ ഉറപ്പു വരുത്തൽ | പ്രീ ടെസ്റ്റ് വിവര വിശകലനം നടത്തിയ ശേഷം ഭാഷാപരമായ ശേഷികളിൽ മുന്നേറുന്നതിന് ക്ലാസ്സ് റൂം പ്രവർത്തനങ്ങൾക്കൊപ്പം പ്രത്യേക പരിഗണന വേണ്ടവർക്ക് പരിഹാര ബോധന ക്ലാസ്സുകൾ | ജൂൺ-മാർച്ച് | ക്ലാസ്സ് ടീച്ചർ ഭാഷാധ്യാപകർ | |
| കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നതിന് | ക്ലാസ്സ് ലൈബ്രറി പ്രവർത്തനങ്ങൾ ആരംഭിക്കുന്നു.പത്രങ്ങൾ,ബാല മാസികകൾ,ആനുകാലികങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കുക | ജൂൺ-മാർച്ച് | | സി.പി.ടി.എ |
| വായനാനുഭവങ്ങൾ പങ്കിടുന്നതിന് | സ്കൂൾ റേഡിയോ,പുസ്തകാസ്വാദനം, വാർത്താ വായന തുടങ്ങിയവയ്ക്ക് അവസരം | ജൂൺ-മാർച്ച് | വിദ്യാരംഗം കലാസാഹിത്യ വേദി | പി.ടി.എ |
| സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | ശില്പശാലകൾ,അഭിമുഖങ്ങൾ സംഘടിപ്പിക്കുന്നു. | ഒക്ടോബർ | മലയാളം ക്ലബ്ബ് | |
| | കഥാരചന,കവിതാ രചന,യാത്ര | ജൂലൈ- | ഭാഷാ | സി.പി.ടി.എ |

# യു.പി.മലയാളം അക്കാദമിക മാസ്റ്റർ പ്ലാൻ 2024-25

| | | | | |
|---|---|---|---|---|
| പ്രാദേശിക വിഭവങ്ങൾ ഭാഷാ ക്ലാസ്സുകളിൽ പ്രയോജനപ്പെടുത്തൽ | വിവരണം,ആസ്വാദന കുറിപ്പ്,മാഗസിനുകൾ,പതിപ്പുകൾ തുടങ്ങിയ വിവിധ രചനാ മത്സരങ്ങൾ നടത്തുന്നു. ലൈബ്രറിയിൽ അംഗത്വ മെടുക്കൽ പ്രാദേശിക കലാകാരന്മാരുടെ ശില്പശാലകൾ വിവിധ മേഖലകളിൽ കഴിവു തെളിയിച്ചവരെ ആദരിക്കൽ | ജനുവരി<br>ആഗസ്റ്റ് | ക്ലബ്ബുകൾ<br>സി.പി.ടി.എ | പി.ടി.എ |
| മലയാള സാഹിത്യവുമായി സ്ഥലങ്ങൾ സന്ദർശിക്കുന്നതിനും ചരിത്രം മനസ്സിലാക്കുന്നതിനും | ഫീൽഡ് ട്രിപ്പ്,യാത്രാ വിവരണം | ജനുവരി-ഫെബ്രുവരി | മലയാളം ക്ലബ്ബ് വിദ്യാരംഗം | സി.പി.ടി.എ |
| രചനകൾ പ്രസിദ്ധീകരിക്കൽ | കുട്ടികളുടെ മികച്ച രചനകൾ സ്കൂൾ ബ്ലോഗ്, തത്സമയ വിവിധ പേജുകൾ എന്നിവയിൽ പ്രസിദ്ധീകരിക്കൽ,പുസ്തക രൂപത്തിൽ മാഗസിൻ പ്രകാശനം | പ്രതിമാസം (മാഗസിൻ ഫെബ്രുവരി) | വിദ്യാരംഗം | പി.ടി.എ |
| സാഹിത്യ രൂപങ്ങൾ മറ്റൊരു സാഹിത്യ രൂപമാക്കി മാറ്റുന്നതിന് | ചെറുകഥകൾ,നോവലുകൾ,കവിതകൾ തുടങ്ങിയവയെ നാടകം മറ്റ് ദൃശ്യാവിഷ്കാരങ്ങളാക്കി മാറ്റുന്നു | നവംബർ-ജനുവരി | മലയാളം ക്ലബ്ബ് | |
| ഭാഷാപരമായ കഴിവുകളുടെ അവതരണം | വിവിധ ഭാഷകളുമായി ബന്ധപ്പെട്ട പരിപാടികളുടെ അവതരണം. രചനകളുടെയും കലാപ്രകടനങ്ങളും സമന്വയിപ്പിച്ച് ഭാഷോത്സവം സംഘടിപ്പിക്കൽ | ഫെബ്രുവരി | വിവിധ ഭാഷാ ക്ലബ്ബുകൾ | പി.ടി.എ |

# G M U P SCHOOL VELUR ATHOLI

## അക്കാദമിക് മാസ്റ്റർ പ്ലാൻ - അറബിക് 2025-2026

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| **വായന**<br>കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക. വായനയുടെ ലോകത്തേക്ക് കൈപിടിച്ചുയർത്തി വായനാശീലം വളർത്തുക, നല്ല വായനക്കാരനാക്കുക | അറബിക് ലൈബ്രറി ശാക്തീകരണം. പുതിയ അറബി പുസ്തകങ്ങൾ ശേഖരിക്കുന്നു. കഥകൾ, കവിതകൾ,ചിത്രകഥകൾ... വായനാമൂല സ്ഥാപിക്കുന്നു. | 6 മാസം ജൂൺ-നവംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | ബി.ആർ.സി, പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സ്പോൺസർഷിപ്പ് |
| **എഴുത്ത്**<br>എഴുതുവാനുള്ള കഴിവ് വികസിപ്പിക്കുന്നു. | ക്ലാസ്സ് കയ്യെഴുത്തു മാസിക നിർമിക്കുന്നു. ഏറ്റവും മികച്ച മാസികക്ക് സമ്മാനം നൽകുന്നു | 3 മാസം സെപ്റ്റംബർ- നവംബർ | | അധ്യാപകർ,രക്ഷിതാക്കൾ സ്പോൺസർഷിപ്പ് |
| **ഉൾച്ചേർന്ന വിദ്യാഭ്യാസം**<br>ഭിന്നശേഷി വിദ്യാർത്ഥികളെ പരിപോഷിപ്പിക്കുന്നതിന് ഉതകുന്ന പ്രവർത്തനങ്ങൾ നൽകുന്നു. | വ്യത്യസ്ത തരം പസിലുകൾ, നിറം നൽകൽ, അക്ഷര കാർഡുകൾ, വാക്കുകൾ വസ്തുക്കൾ യോജിപ്പിക്കുന്ന പ്രവർത്തനങ്ങൾ | 1 അധ്യയന വർഷം | കളറുകൾ, ചാർട്ട് പേപ്പറുകൾ, വിവിധ പസിലുകൾ | രക്ഷിതാക്കൾ, അധ്യാപകർ |
| 5,6,7 ക്ലാസ്സുകളിലെ കുട്ടികളുടെ നിലവാരം മനസ്സിലാക്കുക | പ്രീ ടെസ്റ്റ് നടത്തുക , അടിസ്ഥാന പാഠങ്ങൾ പഠിപ്പിക്കുന്നു. | ജൂൺ മാസം | പാഠ പുസ്തകങ്ങൾ | അധ്യാപകർ |
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിൽ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു | | പോസ്റ്ററുകൾ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| ദിനാചരണങ്ങൾ<br><br>ദിനാചരണങ്ങളെ കുറിച്ചുള്ള അവബോധം ഉണർത്തുന്നു | നല്ല ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നു, അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു | നവംബർ | കമ്പ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |
| ആസ്വാദനം | IT സാധ്യതകളെ ഉപയോഗപ്പെടുത്തി കഥ,കവിത,ഗാനങ്ങൾ, ഷോർട്ട് വീഡിയോകൾ തുടങ്ങിയവയുടെ പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | ജനുവരി | കമ്പ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| അറബി ഭാഷാ മാസം | തനതായ അറബി ഭാഷ കേൾക്കാനും അനുഭവിക്കാനും ഉതകുന്ന വീഡിയോകൾ കാണാനും കേൾക്കാനും സൗകര്യം ഉണ്ടാക്കുന്നു. | ഡിസംബർ | കമ്പ്യൂട്ടർ, പ്രൊജക്ടർ | അധ്യാപകർ, ബി ആർ സി, ഡയറ്റ്,പൂർവ്വ വിദ്യാർത്ഥികൾ,PTA |
| അറബിക് ഫെസ്റ്റ്<br><br>അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ | അറബി ഭാഷയെ കുറിച്ച് കൂടുതൽ അറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം, വീഡിയോകൾ എന്നിവ പ്രദർശിപ്പിക്കുന്നു. | ഡിസംബർ | | |

സംസ്കൃതം

അക്കാദമിക് മാസ്റ്റർപ്ലാൻ

ക്ലാസ് - 5, 6, 7

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| 1. ഇന്ത്യയിലെ ഔദ്യോഗിക ഭാഷകളിൽ ഒന്നാണ് സംസ്കൃതം<br><br>UP തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ . | 1.ഭാഷ ജ്ഞാനം<br>• അക്ഷരം എഴുതൽ.<br>• ചിഹ്നം ഉറപ്പിക്കൽ .<br>• അക്ഷര കാർഡ് .<br>• വാക്കുകൾ എഴുതിയ കാർഡ്.<br>• ക്ലാസിൽ അക്ഷരമാല പ്രദർശനം.<br>• അക്ഷരമാല കളികൾ .<br>• അക്ഷരമരം നിർമ്മിക്കൽ .<br>• കാർട്ടൂൺ പ്രദർശനം<br>• പാട്ടുകളും കഥകളും കേൾപ്പിക്കുക. | ജൂൺ - ഓഗസ്റ്റ് . | അക്ഷര ചാർട്ട് പാഠപുസ്തകം<br><br>ICT | PTA<br><br>റിസോഴ്സ് അധ്യാപിക . |
| | 2. പറയാം പഠിക്കാം.<br>• ചിത്രങ്ങളുടെ പേര് പറയൽ. | | | |

| | | | | |
|---|---|---|---|---|
| | • ചിത്രകഥകൾ .<br>• ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃതപദങ്ങൾ | ജൂൺ -ജൂലൈ | സംസ്കൃത കഥാപുസ്തകം.<br>ICT | റിസോഴ്സ് അധ്യാപിക. |
| 2. <u>വീട് ഒരു പരീക്ഷണശാല.</u><br>[കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക ] | • വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക.<br>• ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിചയിക്കാനുള്ള അവസരം. | സെപ്റ്റംബർ - ഒക്ടോബർ . | സംസ്കൃതം നിഘണ്ടു. | |
| 3. <u>വായനാലോകം.</u><br>[ കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ . ] | • തിരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക.<br>• ഓരോ സംസ്കൃതം പീരിയഡിലും ആദ്യത്തെ അഞ്ച് മിനിറ്റിൽ ഒരു കുട്ടി ഒരു പുസ്തകത്തിന്റെ പേര് ഉറക്കെ വായിക്കുക .<br>• വായിച്ച പുസ്തകങ്ങൾ രേഖപ്പെടുത്തുക .<br>• കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അസംബ്ലിയിൽ അനുമോദിക്കുക. | 6മാസം . | ക്ലാസ് ലൈബ്രറി . | റിസോഴ്സ് അധ്യാപിക. |

| | | | | |
|---|---|---|---|---|
| 4. കരിക്കുലം ലക്ഷ്യം വയ്ക്കുന്ന സംസ്കൃതഭാഷാ പഠന നേട്ടങ്ങൾ . | • ക്ലബ്ബ് രൂപീകരണം.<br>• പഠനോപകരണ നിർമ്മാണം .<br>• കലണ്ടർ നിർമ്മാണം .<br>• ഗൃഹ സന്ദർശനം.<br>• പഠനയാത്ര . | ജൂൺ - മാർച്ച് | ചാർട്ട് ചിത്രം | റിസോഴ്സ് അദ്ധ്യാപിക |
| 5.മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ. | • ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു.<br>• എല്ലാ മാസവും ക്വിസ് മത്സരം നടത്തുന്നു.<br>• മാതൃകാ ചോദ്യപേപ്പറുകൾ തയ്യാറാക്കുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം | റിസോഴ്സ് അധ്യാപിക |
| 6. <u>ആസ്വാദന ലോകം</u>.<br>ഓരോ കുട്ടിയുടെയും ആസ്വാദനശേഷി വർദ്ധിപ്പിക്കുവാനും സഭാകമ്പം നിവാരണം ചെയ്യാനും വേണ്ടി . | • നാടകം കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു.<br>• ഞാനും പറയാനും കഴിവുള്ള കുട്ടികളെ കണ്ടെത്തി അവർക്ക് അവസരം നൽകൽ.<br>• മാസത്തിൽ ഒരുതവണ | 5 മാസം | സംസ്കൃത ക്ലാസ്റൂം | റിസോഴ്സ് അധ്യാപിക |

| | | | | |
|---|---|---|---|---|
| | ആസ്വാദനസഭ ചേരുന്നു.<br>ഒരിക്കൽ അവതരിപ്പിച്ച കുട്ടി അടുത്ത സഭയിൽ ആസ്വാദകൻ ആകണം. | | | |
| 7.പ്രത്യേകം പരിഗണന അർഹിക്കുന്നവർക്കായുള്ള പ്രവർത്തനങ്ങൾ . | • പ്രത്യേകം പരിഗണന അർഹിക്കുന്നവർക്ക് ഉപകാരപ്രദമായ പഠനോപകരണങ്ങൾ നിർമ്മിക്കുന്നു.<br>• പ്രത്യേകം ക്ലാസുകൾ നൽകുന്നു.<br>• ഗൃഹസന്ദർശനം നടത്തുന്നു. | ജൂൺ - മാർച്ച് | ക്ലാസ് റൂം. | റിസോഴ്സ് അധ്യാപിക |
| 8.ക്ലാസ് റൂം ആകർഷകവും ആക്കുന്നതിന് . | • പെയിന്റിംഗ്<br>• ലൈബ്രറി ഒരുക്കുന്നു.<br>• സൗകര്യ പ്രദമായ ഇരിപ്പിടം ഒരുക്കുന്നു. | | | |

# ആമുഖം

ഉറുദു ഒരു സമ്പന്നമായ സാഹിത്യപാരമ്പര്യമുള്ള, സമ്പന്നമായ ശബ്ദസമ്പത്തുള്ള ഭാഷയാണ്. ഭാവങ്ങളെ അതിന്റെ മനോഹരമായ വാക്കുകളിൽ ഒതുക്കാൻ കഴിയുന്ന ഈ ഭാഷയ്ക്ക് ഇന്ന് ലോകത്താകമാനം ആരാധകരുണ്ട്.

ജി എം യു പി സ്കൂളിൽ 2025 26 വർഷത്തിൽ ഉർദുഭാഷാ പഠനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അക്കാദമിക ഭൗതിക സാമൂഹ്യ പ്രവർത്തനങ്ങളും നിർദ്ദേശങ്ങളും താഴെ ചേർക്കുന്നു.

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസരഹിതവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അധിഷ്ഠിത മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും എൽ. എസ്. ആർ. ഡബ്ല്യു കഴിവുകൾക്കൊപ്പം ഉർദു വായിക്കാനും എഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ സാംസ്കാരിക മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ശരിയായ കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ അക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെക്കുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന രീതി | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | പഠനം ആഘോഷം ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പുസ്തകങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | മേരാ അൽഫാസ് ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നിവ ചെയ്യൽ പ്രസിദ്ധീകരണത്തിനു, കുട്ടികളിലെ സർഗ്ഗാത്മകത | ടേം 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

Scanned with OKEN Scanner

| | | | | | | |
|---|---|---|---|---|---|---|
| | | വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | | | | |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | **1000** | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2000 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | **200** | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 6 | ഇഷ്കെ ഗസൽ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുക | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 1000 | എച്ച്.എം., സബ്ജക്ട് കൗൺസിൽ |
| 7 | ഉർദുദിനം | ടാലന്റ് മീറ്റ് അക്ഷരമരം എന്റെ പതിപ്പ് | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 2000 | എച്ച്. എം. സബ്ജക്ട് കൗൺസിൽ |
| 8 | ദിനാചരണങ്ങൾ | ഭാഷയോടുള്ള വളർത്തുന്ന രീതിയിൽ വിവിധ ദിനാചരണ പരിപാടികൾ സംഘടിപ്പിക്കൽ | അതത് ദിനങ്ങളിൽ | ഉർദു ക്ലബ്ബ് | 500 | എച്ച്. എം. സബ്ജക്ട് കൗൺസിൽ |
| 9 | തലാഷ് | പ്രാദേശിക പഠന യാത്രകൾ | | | | എച്ച്. എം. |

| Activity | Collection | Month | Date | Duty |
|---|---|---|---|---|
| READING COMPETITION | COLLECTION OF POEMS | JUNE | 20 | Eng. Trs Eng. Club. |
| RIDDLE | COLLECTION OF RIDDLES & PUZZLES | JULY | 25 | Eng. Trs Eng. Club. |
| LETTER WRITING COMPETITION | COLLECTION OF LETTERS | AUGEST | | Eng. Trs Eng. Club. |
| COOKERY SHOW | COLLECTION OF REC | SEPTEMBER | 26 | Eng. Trs Eng. Club. |
| LANGUAGE QUIZ & DEBATE | COLLECTION OF ADVERTISEMENT | OCTOBER | 24 | Eng. Trs Eng. Club. |
| PLACARD MAKING (DAY CELEBRATIONS) | COLLECTION OF PLACARDS | NOVEMBER | 28 | Eng. Trs Eng. Club. |
| GREETING CARD MAKING. | COLLECTION OF GREETING CARDS | DECEMBER | 12 | Eng. Trs Eng. Club. |
| BOOK REVIEW | COLLECTION OF BOOK REVIES | JANUARY | 30 | Eng. Trs Eng. Club. |
| TONGUE TWISTER GAME & NEWS READING | COLLECTION OF TONGUE TWISTER | FEBRUARY | 27 | Eng. Trs Eng. Club. |
| ONLINE MAGAZINE | | MARCH | 31 | Eng. Trs. Magazine Commitiy |
| HOLIDAY ACTIVITIES. | | APRIL&MAY | | Eng. Trs |

| Objectives* | ACTIVITY | DURATION | CHARGE | |
|---|---|---|---|---|
| To assess previous knowledge and identify knowledge gaps | A pre-test is conducted to assess the learning level. It is analyzed to identify strengths and limitations.<br><br>A module is prepared to address the limitations English Reading materials such as picture stories, magazines newspaperes are prepare in the class library.<br>to show some stories, poems etc by using ICT<br><br>Teachers should prepare and keep the LSRW (English) report of all the children in the first week of June | June & July | ENGLISH TEACHER | |
| To develop listening skill | Audio stories through school radio and e- cube English activities<br>Students listen audio stories followed by comprehension questions and discussions | JUNE -FEBRUARY | ENGLISH TEACHER | |
| To Develop reading skill and expand vocabulary through reading and interactive activities | to read English News once in a week through School Radio<br>( Charges will be given class wise)<br>to prepare an English News Bulletin in classes once in a month.<br>to prepare and put up the necessary sign boards in the school varandah and premises .<br><br>Children those who are slow learners in English reading and writing should be facilitated to improve with the help of peer group (after lunch and during free periods) and teachers should monitor and record their progress in this regard.<br>The students read a selected novel/story followed by group discussions and quizzes | JUNE -FEBRUARY | ENGLISH TEACHER | |
| Differently abled | Phonics Practice using ecube english "Guided reading., Repeated reading. . - word building Picture reading. Reading games like 'I spy" or Reading Bingo word of the day - flash card Word sorting (eg. animals, birds, food etc.) | JUNE -FEBRUARY | ENGLISH TEACHER | |

| | | | |
|---|---|---|---|
| To develop writing skill | Creative writing workshop:<br>Students write short stories! poems<br>letter writing –write letters to friends ,family or fictional characters.<br>Diary entry-write diary entries from different perspectives (Eg:travel history,historical figure)<br>Imaginative writing- eg:object,animal,super hero.asks students to describe a person, place,object,or experience character sketch of a favourit character from stories or novels etc | JUNE -FEBRUARY | ENGLISH TEACHER |
| Differently abled | Story coplition, writing post cards to friends or family,writing slogans, | | |
| To develop speaking skill | Debate, extempore speech, Ecube English activities Promote functional English through real life contexts | | |
| Differently abled | Role –play, audio recording,greetings-practice greeting,picture naming | | |
| Enhance grammar | Grammar games ,interactive games and quizzes to practice grammar concepts | | |
| Encourage self expression | Role-plays ,skits,presentation of creative writings,English fest | | |
| Foster literary appreciation | Literary analysis ,students analyze and discuss books,exploring themes and charecters,book review | | |
| To improve English pronunciation | To arrange the facilities and watching English news,cartoons and film | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| | പ്രീ ടെസ്റ്റ് നടത്തൽ | ജൂൺ | ഹിന്ദി അധ്യാപകർ | |
| യു.പി. ക്ലാസിലെ എല്ലാ കുട്ടികളും ഹിന്ദി ഭാഷ [illegible] | 6, 7 ക്ലാസുകളിൽ [illegible] | ജൂൺ - ജൂലൈ | ഹിന്ദി അധ്യാപകർ | |
| | [illegible] | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപകർ | പി.ടി.എ |
| | [illegible] | ജൂൺ - മാർച്ച് | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി [illegible] | ജൂൺ - മാർച്ച് | | |

| | | | | |
|---|---|---|---|---|
| | ഹിന്ദി [illegible] | | ഹിന്ദി അധ്യാപകർ | |
| | ഹിന്ദി [illegible] | ആഗസ്റ്റ് | കുട്ടികൾ , ഹിന്ദി അധ്യാപകർ | എസ്.ആർ.ജി |
| | ഹിന്ദി അസംബ്ലി [illegible] | ജനുവരി | ഹിന്ദി അധ്യാപകർ | |
| | | ഫെബ്രുവരി | ഹിന്ദി അധ്യാപകർ | |

[illegible]
[illegible]

| [illegible] | [illegible] | [illegible] | [illegible] | [illegible] |
|---|---|---|---|---|
| [illegible] | [illegible] | ജൂൺ | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| [illegible] | [illegible] | ജൂൺ ജൂലൈ | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |
| | [illegible] | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്<br>ഹെൽത്ത് ക്ലബ് |
| | [illegible] | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്<br>[illegible] ക്ലബ് |
| [illegible] | [illegible] | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ്<br>[illegible] ക്ലബ്<br>ഹെൽത്ത് ക്ലബ് |
| [illegible] | [illegible] | [illegible] | ശാസ്ത്രാധ്യാപകർ | സയൻസ് ക്ലബ് |

| | | | | |
|---|---|---|---|---|
| **കുട്ടികളെ മുൻനിരയിലെത്തിക്കുക** | കുട്ടികളെ കണ്ടെത്തി അധ്യാപകരും മുൻനിരയിലെ വിദ്യാർത്ഥികളും ചേർന്ന് അവർക്ക് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | പിരീയഡ് | | ഊർജ്ജ ക്ലബ്ബ്<br>ഹെൽത്ത് ക്ലബ്ബ് |
| **ശാസ്ത്രപ്രക്രിയാശേഷി വികസിപ്പിക്കുക** | **ശാസ്ത്ര വിസ്മയച്ചുമർ** - ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയച്ചുമർ ഓരോ ക്ലാസിലും നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |
| **വിവിധ ശേഷികളുടെ വികസനം** | **ദിനാചരണം** - ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്ആർജി യിൽ രൂപപ്പെടുത്തുന്നു, നിശ്ചിതദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | ശാസ്ത്രാദ്ധ്യാപകർ | സയൻസ് ക്ലബ്ബ്<br>ഊർജ്ജ ക്ലബ്ബ് |
| **ശാസ്ത്ര പ്രക്രിയാശേഷി വികസിപ്പിക്കുക**<br>**ആധുനിക ശാസ്ത്രോപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള കഴിവ് വർദ്ധിപ്പിക്കുക** | **സ്കൂൾതല ശാസ്ത്രോത്സവം** - സ്റ്റിൽ മോഡൽ, വർക്കിങ് മോഡൽ, പരീക്ഷണങ്ങൾ ഇടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു<br><br>**ശാസ്ത്ര ലൈബ്രറി** - കുട്ടികളിൽ ശാസ്ത്രാവബോധം വർദ്ധിപ്പിക്കുന്നതിനായി എല്ലാ ക്ലാസുകളിലും ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു. | അക്കാദമിക വർഷം<br><br>അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ<br><br>ശാസ്ത്രാദ്ധ്യാപകർ | സയൻസ് ക്ലബ്ബ്<br><br>സയൻസ് ക്ലബ്ബ്, രക്ഷിതാക്കൾ |
| **ആധുനിക സൗകര്യങ്ങളോടെയുള്ള സയൻസ് ലാബ് സജ്ജമാക്കുക** | **ശാസ്ത്രലാബ് നവീകരണം** - പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ ശാസ്ത്ര ഉപകരണങ്ങൾ, പരീക്ഷണസാമഗ്രികൾ, ചാർട്ടുകൾ എന്നിവ കൂടുതൽ ഉൾപ്പെടുത്തി ശാസ്ത്രലാബ് നവീകരിക്കുക | അക്കാദമിക വർഷം | ശാസ്ത്രാദ്ധ്യാപകർ | തദ്ദേശസ്വയംഭരണ സ്ഥാപനം |
| **ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക, ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക** | **എമർജൻസി ലാമ്പ് നിർമ്മാണം** - ഏഴാം ക്ലാസിലെ പാഠഭാഗവുമായി ബന്ധപ്പെട്ട ശില്പശാല | ആഗസ്റ്റ് | ശാസ്ത്രാദ്ധ്യാപകർ | സയൻസ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| **ലഹരി വിരുദ്ധപ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള കഴിവ് വികസിപ്പിക്കുക - കൗമാരകാലഘട്ടത്തിലെ ശാരീരിക മാനസിക മാറ്റങ്ങളെക്കുറിച്ചുള്ള ധാരണകൾ ഉണ്ടാക്കുക** | **ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസ് -** കൗമാരക്കാരിൽ ആരോഗ്യപരിരക്ഷണം മുൻനിർത്തിയും ലഹരിക്കെതിരെയുള്ള ബോധവത്കരണം ലക്ഷ്യം വെച്ചുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു | അക്കാദമികവർഷം | ശാസ്ത്രാധ്യാപകർ | ജാഗ്രതാ ക്ലബ്ബ് സയൻസ് ക്ലബ്ബ് പിടിഎ |

| മേഖല - യു പി ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പുവരുത്തുന്നു | ഗണിത ശില്പശാല<br>കളിയിലൂടെ<br>അടിസ്ഥാനഗണിതക്രിയകൾ ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. സംഖ്യ കാർഡുകൾ സംഖ്യ പോക്കറ്റ് അബാക്കസ് എന്നിവ ഉപയോഗിക്കുന്നു | ജൂൺ മാസം - മാർച്ച് | ഗണിത അധ്യാപകർ<br>എസ്. ആർ.ജി | |
| ഗണിത പഠനം രസകരവും ലളിതവും ആക്കുന്നതിന്<br>'ഗണിതത്തെ പേടി കൂടാതെ സമീപിക്കുന്നതിന് | ടാൻഗ്രാം നിർമ്മാണം -ക്ലാസ് തലത്തിൽ ടാൻഗ്രാം നിർമ്മിക്കുകയും അവ ഉപയോഗിച്ച് വിവിധ രൂപങ്ങൾ ഉണ്ടാക്കുന്നു ക്ലാസ് തല പ്രദർശനം സംഘടിപ്പിക്കൽ സ്കൂൾ തല പ്രദർശനം | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ<br>ക്ലാസ് ടീച്ചർ | |
| ഗണിത ലാബ്" | ഗണിത ലാബ് സജ്ജീകരിക്കുക സ്റ്റിൽ മോഡൽ ,ചുമർ ഗണിത ചിത്രങ്ങൾ , മെട്രിക് ഉപകരണങ്ങൾ പ്രദർശിപ്പിക്കുക<br>ക്ലാസുകളിൽ ഗണിത കോർണർ സജ്ജമാക്കൽ | ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ്<br>ഗണിത അധ്യാപകർ<br>എസ്. ആർ.ജി | PTA |
| ഗണിത മേഖലയിൽ കുട്ടികളുടെ താല്പര്യ വർദ്ധിപ്പിക്കാൻ | നിർമിതി ഓൺലൈൻ ജ്യോമട്രിക്കൽ ചാർട്ട് പരിശീലനം.ക്ലാസ് തല പ്രദർശനം<br>ഗണിതാശയങ്ങൾ , നമ്പർ ചാർട്ട്, ഗെയിം,,പാറ്റേണുകൾ പ്രശ്നങ്ങൾ,ചിത്രങ്ങൾ ആനുകാലിക സംഭവങ്ങൾ ഇവ ഉൾപ്പെടുത്തി ക്ലാസ് തലത്തിൽ മാഗസിൻ തയ്യാറാക്കുന്നു<br>Q Maths ഗണിത ചോദ്യോത്തര പരിപാടി -ഉത്തരം കണ്ടെത്തുന്നതിന് വേണ്ടി നോട്ടീസ് | ആഴ്ചയിൽ<br>ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | ബോർഡിൽ പ്രദർശിപ്പിക്കുന്നു . ഉത്തരം കണ്ടെത്തി പെട്ടിയിൽ നിക്ഷേപിക്കുന്നു. | ആഴ്ചയിൽ | | |
| ഐടി സാധ്യതകൾ ഗണിത പഠനത്തിൽ ഉപയോഗിക്കുന്നു | ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തി ക്ലാസ് പ്രവർത്തനങ്ങൾ നൽകൽ | ആവശ്യാനുസരണം | ഗണിതഅധ്യാപകർ. | |
| വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ രൂപപ്പെടുത്തി അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | ഗണിത ക്ലബ് ഗണിത അധ്യാപകർ | |
| | | | | |

| മേഖല - യുപി സോഷ്യൽ സയൻസ് | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹ്യ ശാസ്ത്രം അടിസ്ഥാനതല അറിവുകൾ ആശയങ്ങൾ ഇവ പരിശോധിക്കൽ നേടിയെടുക്കൽ | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പഠിതാവിന്റെ അടിസ്ഥാനതല അറിവ് പരീക്ഷിക്കുന്നതിനുള്ള ചോദ്യങ്ങൾ ഓരോ പഠിതാവിനും നൽകുന്നു | അക്കാദമിക വർഷാരംഭം (ജൂൺ) | സാമൂഹ്യ ശാസ്ത്ര അധ്യാപകൻ | |
| , പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | പ്രാദേശിക ചരിത്രരചന<br>സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രദേശത്തെ ലഭ്യമാകുന്ന വിവരങ്ങളെല്ലാം ശേഖരിച്ച് പ്രാദേശിക ചരിത്ര രചന തയ്യാറാക്കുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| , തെരഞ്ഞെടുപ്പ് ഘട്ടങ്ങൾ നേരിട്ടനുഭവിച്ചറിഞ്ഞ് പഠിക്കാനുള്ള അവസരം ഒരുക്കുക | സ്കൂൾ പാർലമെന്റ് ഇലക്ഷൻ<br>ജനാധിപത്യപരമായ രീതിയിൽ മുഴുവൻ വിദ്യാർത്ഥികളെയും ഉൾപ്പെടുത്തി തെരഞ്ഞെടുപ്പ് നടത്തുന്നു | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | വെർച്വൽ ഫീൽഡ് ട്രിപ്പ് ഐസിടി സാധ്യതകൾ ഉപയോഗിച്ച് താജ്മഹൽ ചെങ്കോട്ട ഹംപി തുടങ്ങിയ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രവബോധം വളർത്തുന്നു | ജൂലൈ | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ചരിത്രശേഷിപ്പുകൾ നേരിട്ട് കണ്ടു മനസ്സിലാക്കുക | കുടക്കല്ല് സന്ദർശനം സ്കൂളിന്റെ സമീപപ്രദേശത്തുള്ള മഹാശിലാസ്മാരക അവശിഷ്ടമായ കുടക്കല്ല് സാമൂഹ്യശാസ്ത്ര ക്ലബ് അംഗങ്ങളുടെ നേതൃത്വത്തിൽ സന്ദർശിക്കുന്നു | ജനുവരി | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| പഠിതാക്കളെ ആനുകാലിക അവബോധം ഉള്ളവരാക്കി മാറ്റിയെടുക്കുക | പൊതുവിജ്ഞാന ക്വിസ് എല്ലാമാസവും അവസാനവാരം ആ മാസത്തെ പൊതുവിജ്ഞാനവുമായി ബന്ധപ്പെട്ട ക്വിസ് മത്സരം നടത്തുന്നു | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകൻ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

മേഖല - അക്കാദമികം

## വിവര വിനിമയ സാങ്കേതിക വിദ്യ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികൾക്ക് കമ്പ്യൂട്ടർ ഉപയോഗിക്കുവാനുള്ള അവസരം ഉണ്ടാക്കുന്നു. | കമ്പ്യൂട്ടർ ലാബ് ഒരുക്കുന്നു<br>ഓരോ ക്ലാസിനും ഗണിതത്തിനുള്ള ജിയോ ജിബ്ര, മലയാളം, ടൈപ്പിംഗ് തുടങ്ങി കമ്പ്യൂട്ടർ പഠനത്തിനാവശ്യമായ സമയം ലഭിക്കാനായി പീരിയഡുകൾ ക്രമപ്പെടുത്തുന്നു. | മെയ്<br>മെയ് | ഐ ടി ചുമതലയുള്ള അധ്യാപകൻ<br>എസ് ആർ ജി | എസ് എസ് കെ ഗ്രാമപഞ്ചായത്ത് |
| അറിവു നിർമ്മാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുന്നു. | അധ്യാപകർക്ക് മലയാളം ടൈപ്പിംഗ്, വീഡിയോ എഡിറ്റിംഗ്, ജിയോജിബ്ര എന്നിവയിൽ അവധി ദിവസങ്ങളിൽ പരിശീലനം<br>ഇന്റർനെറ്റ് വഴി വിവരം ശേഖരിക്കാനുള്ള കഴിവ് വളർത്തുന്നു.<br>ഓരോ വിഷയമേഖലകളിലും ആവശ്യകത അനുസരിച്ച് ചിത്രങ്ങൾ, വിവരണങ്ങൾ, വീഡിയോകൾ, ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കുന്നു. | പ്രതിമാസം<br>ജൂൺ - മാർച്ച് | വിദഗ്ദർ<br>അധ്യാപകർ | പിടിഎ |
| ടാലന്റ് ലാബ് | ഡിജിറ്റൽ പെയിന്റിംഗ്, മലയാളം ടൈപ്പിംഗ്, ആനിമേഷൻ എന്നിവയിൽ താൽപര്യമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം<br>സ്കൂൾ ബ്ലോഗ് നിർമ്മിക്കുന്നു<br>സ്കൂൾ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, ഫോട്ടോസ് എന്നിവ ഡിജിറ്റൽ മാധ്യമങ്ങളിൽ അപലോഡ് ചെയ്യുന്നു. | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | വിദഗ്ദർ<br>ഐടി അധ്യാപകർ | |
| സൈബർ കുറ്റകൃത്യങ്ങളെ കുറിച്ച് ബോധവൽക്കരണം<br>സ്കൂൾ വിക്കി, യൂട്യൂബ്, ഫെയ്സ ബുക്ക്<br>ഹൈടെക് ഐ.ടി. ലാബ്<br>വൈഫൈ ഉൾപ്പെടെ | ഇന്റർനെറ്റ്, സോഷ്യൽനെറ്റ് വർക്കിംഗ് സൈറ്റുകൾ എന്നിവയുടെ ദുരുപയോഗങ്ങളെപ്പറ്റിയും ക്രിമിനൽ പ്രവർത്തനങ്ങളെപ്പറ്റിയും ബോധവൽക്കരണം<br>അക്കാദമിക പ്രവർത്തനങ്ങൾ, പൊതുപരിപാടികൾ, കലാപ്രകടനം നവമാധ്യമത്തിൽ പങ്കുവെക്കുന്നു | ജൂൺ - മാർച്ച് | ഐടി അധ്യാപകർ | സർക്കാർ, ജനപ്രതിനിധികൾ |

## മേഖല - അക്കാദമികം

## ഉപമേഖല - കാർഷികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജൈവ പച്ചക്കറിയെ പ്രോത്സാഹിപ്പിച്ച് കാർഷിക സംസ്കാരം രൂപപ്പെടുത്തുക | സ്കൂളിലെ ലഭ്യമായ സ്ഥലങ്ങളിലോ ഗ്രോബാഗുകളിലോ പച്ചക്കറിതോട്ടം ഒരുക്കുക. | ആഗസ്റ്റ് മാർച്ച് | കാർഷിക ക്ലബ്ബ് | പി ടി എ |
| ജൈവ പച്ചക്കറിതോട്ട നിർമ്മാണം | സ്കൂൾ ഭക്ഷണത്തിനാവശ്യമായ കറിവേപ്പില, പച്ചമുളക്, വാഴ, പപ്പായ എന്നിവ സ്കൂളിൽ തന്നെ ഉത്പാദിപ്പിക്കുക. | | | |
| | സമീപപ്രദേശത്തെ കർഷകരെ ആദരിക്കൽ, കർഷകരുടെ സേവനം സ്കൂളിന് പ്രയോജനപ്പെടുത്തൽ | ജൂൺ - മാർച്ച് | കാർഷിക ക്ലബ്ബ് | |
| | ചിങ്ങം കർഷക ദിനം - വിവിധ പരിപാടികളോടെ ആഘോഷിക്കുന്നു. | സപ്തംബർ | കാർഷിക ക്ലബ്ബ് | സ്പോൺസർഷിപ്പ് |
| | എന്റെ കറിക്കൂട്ട് പദ്ധതി - എല്ലാ കുട്ടികളുടെയും വീടുകളിൽ സ്വന്തമായി ഒരു പച്ചക്കറി തോട്ടം നിർമ്മിക്കൽ, സംരക്ഷിക്കൽ, വിളവെടുക്കൽ. വിത്തും കൈക്കോട്ടും പദ്ധതി വിദ്യാലയത്തിലെ ജൈവ പച്ചക്കറി തോട്ടം | ജൂൺ - മാർച്ച് (ദീർഘം) | | കൃഷിഭവൻ |
| | വീടുകളിൽ നാട്ടുമാവ്, പ്ലാവ്, തുടങ്ങിയ ഫലവൃക്ഷങ്ങൾ നട്ടുവളർത്താൻ വേണ്ടി ഇവയുടെ തൈ ഉത്പാദിപ്പിച്ച് കുട്ടികൾക്ക് വിതരണം | ജൂൺ | | |
| | സ്കൂൾമുറ്റത്ത് പുഷ്പോദ്യാനവും, ശലഭോദ്യാനവും ഒരുക്കുന്നു. | | | |

മേഖല - അക്കാദമികം

ഉപമേഖല - പരിസ്ഥിതി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | പരിസ്ഥിതി ദിനാചരണം, ചെടികൾ, വൃക്ഷത്തൈ നടീൽ, സംരക്ഷണം ജൈവവേലി, ജൈവവൈവിധ്യ ഉദ്യാനം നിർമ്മാണവും അവയുടെ സംരക്ഷണവും | ജൂൺ<br>ജൂലായ് | പരിസ്ഥിതി ക്ലബ്ബ് | 1 |
| ഗ്രീൻ പ്രോട്ടോക്കോൾ സ്കൂളിൽ നടപ്പിലാക്കുന്നതിന്<br><br>ഏകദിന ക്യാമ്പ് | പ്ലാസ്റ്റിക് മുക്തകാമ്പസ് യാഥാർത്ഥ്യമാക്കുന്നു<br>സ്കൂൾ ഹരിതവത്ക്കരണം<br>പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ക്യാമ്പ്<br>ജൈവമാലിന്യങ്ങൾ, അജൈവ മാലിന്യങ്ങൾ, പ്ലാസ്റ്റിക്, ഇലക്ട്രോണിക് മാലിന്യങ്ങൾ എന്നിവയുടെ പ്രത്യേക സംസ്ക്കരണപരിപാടികൾ ആസൂത്രണം ചെയ്യുന്നു.<br>ഒരു കുട്ടി ഒരു മരം തെരഞ്ഞെടുത്ത് അതിന്റെ വളർച്ച മാറ്റങ്ങൾ നിരീക്ഷിച്ച് രേഖപ്പെടുത്തുന്നു | ജൂൺ - മാർച്ച്<br>ആഗസ്റ്റ്<br>ദീർഘകാലം<br>ദീർഘകാലം<br>ദീർഘകാലം | പരിസ്ഥിതി ക്ലബ്ബ്<br>പരിസ്ഥിതി ക്ലബ്ബ്<br>പരിസ്ഥിതി ക്ലബ്ബ് | രജിസ്ട്രേഷൻ ഫീസ് |
| കുട്ടികളിൽ സഹജീവി സ്നേഹം വളർത്തുന്നു | സ്കൂളിലെ കുട്ടികളുടെ വീടുകളിലും പക്ഷികൾക്ക് കുടിവെള്ളം ഒരുക്കുന്നു.<br>(തീരദേശം, പുഴയോരം സന്ദർശനം) | | | പിടി എ രജിസ്ട്രേഷൻ ഫീസ് |

മേഖല - അക്കാദമികം — ഉപമേഖല - കല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിലെ സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി പിന്തുണയും പ്രോത്സാഹനവും നൽകുന്നതിന് | ഓരോ കുട്ടിയുടേയു താൽപര്യമേഖല കണ്ടെത്തുന്നു.<br>കഥ-കവിത രചനാ മത്സരങ്ങൾ<br>തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്കായി, ശില്പശാലകൾ കളിയരങ്ങ്, നാടൻപാട്ട് പരിശീലനം.<br>ചിത്രകലാശില്പശാല (ഏകദിനം)<br>സ്കൂൾ ചിൽഡ്രൻസ് തിയേറ്റർ | ജൂൺ<br>ജൂൺ<br>ജൂലായ്<br>ആഗസ്റ്റ് | ക്ലാസ് അധ്യാപകർ<br>വിദ്യാരംഗം<br>മലയാളം ക്ലബ്ബുകൾ വിദഗ്ദ്ധർ | പി. ടി എ ഫണ്ട്<br>രജിസ്ട്രേഷൻ ഫീസ് |
| കലയെ ഉപയോഗപ്പെടുത്തി മറ്റ് വിഷയങ്ങളുടെ പഠനം ഫലപ്രദമാക്കുന്നതിന് | ക്ലാസ്തല മാഗസിൻ നിർമ്മാണം<br>ക്ലാസ്തലത്തിലെ മികച്ച രചനകൾ ഉൾപ്പെടുത്തി സ്കൂൾതല മാഗസിൻ<br>സ്കൂൾ ആകാശവാണിയിലൂടെ കുട്ടികളുടെ സർഗ്ഗാത്മ പ്രവർത്തനങ്ങളുടെ അവതരണം. | ജനുവരി<br>ജനുവരി<br>ജൂൺ മാർച്ച് ആഴ്ചയിൽ ഒരുദിവസം | മലയാളം/ വിദ്യാരംഗം | പി. ടി എ ഫണ്ട് |
| കലകളുടെ ആസ്വാദ്യത ഉൾക്കൊണ്ട് സാമൂഹിക ജീവിതത്തിൽ മാനവിക കാഴ്ചപ്പാടുകൾ രൂപീകരിക്കുന്നതിന്.<br>സ്കൂൾ റേഡിയോ | പാഠഭാഗവുമായി ബന്ധിപ്പിച്ച് നാട്ടകം, സംഗീതശില്പം, ചിത്രീകരണം എന്നിവയുടെ സാധ്യത ലിസ്റ്റ് ചെയ്ത് നടപ്പാക്കുന്നു.<br>ചിത്രരചനയിൽ താൽപര്യമുള്ള കുട്ടികളുടെ ചിത്രപ്രദർശനം സംഘടിപ്പിക്കുന്നു.<br>ഒഴിവുള്ള സമയങ്ങളിൽ മികച്ചവ സ്കൂൾ റേഡിയോ വഴി മുഴുവൻ കേൾക്കാനുതകുന്ന തരത്തിൽ കേൾപ്പിക്കുന്നു. | ഫിബ്രവരി<br>ജൂൺ - മാർച്ച് | വിദ്യാരംഗം<br>വിദ്യാരംഗം | |

**മേഖല - അക്കാദമികം** **ഉപമേഖല - പ്രവൃത്തി പരിചയം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയത്തിലെത്തുന്ന എല്ലാ കുട്ടികളുടെയും പ്രവൃത്തിപരിചയമേഖലകളിലെ കഴിവുകൾ വികസിപ്പിക്കുക. | ഓരോ കുട്ടിയുടെയും താൽപര്യമേഖല കണ്ടെത്തുന്നു. | ജൂൺ | ക്ലാസ് അധ്യാപകർ | |
| ടാലന്റ് ലാബ് എന്ന ആശയം സാക്ഷാത്ക്കരിക്കുക | വിവിധ ഇനങ്ങൾ പരിശീലിപ്പിക്കുന്നതിന് കഴിവുള്ള പ്രാദേശിക വിദഗ്ധരുടെ ലിസ്റ്റ് തയ്യാറാക്കി സേവനം ലഭ്യമാക്കുന്നു. | ജൂലായ് | ക്ലാസ് അധ്യാപകർ<br>W E ടീച്ചർ | |
| | ഗ്ലാസ് പെയിന്റിംഗ്, ഫാബ്രിക് പെയിന്റിംഗ്, പരിശീലന ശില്പശാല സംഘടിപ്പിക്കുന്നു | ആഗസ്റ്റ് | വിദഗ്ധർ | രജിസ്ട്രേഷൻ ഫീസ് |
| ഉപയോഗശൂന്യമായ വസ്തുക്കളുടെ നിർമ്മാണം | വിവിധതരം അലങ്കാരവസ്തുക്കൾ (പൂക്കൾ, നക്ഷത്രം, തോരണം) എന്നിവ നിർമ്മിക്കുന്നു. | ജൂൺ ഫെബ്രുവരി | W E ടീച്ചർ | |
| ജീവിതനൈപുണി പരിശീലനം | ആവശ്യമായ നോട്ടുപുസ്തകങ്ങൾ സ്വന്തമായി നിർമ്മിക്കാനുള്ള പരിശീലനം നൽകുന്നു.<br>സ്കൂളിലേക്ക് ആവശ്യമായ ചോക്ക് നിർമ്മിക്കുന്നു<br>കരകൗശല നിർമ്മാണ ശില്പശാല പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു | ജൂൺ ഫെബ്രുവരി<br>ജൂൺ ഫെബ്രുവരി<br>ഫെബ്രുവരി | W E ടീച്ചർ<br>SRG | പി. ടി എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ-2025-2026

ആരാഗ്യ കായിക വിദ്യാഭ്യാസം. , ജി എം യു പി സ്കൂൾ വേളൂർ
മേഖല : ആരാഗ്യകായിക വിദ്യാഭ്യാസം
ഉദ്ദേശം :കുട്ടികളിൽ ആരാഗ്യ കായിക ക്ഷമത കൈവരിക്കുക.
:അനുയാജ്യമായ കായിക ഇനങ്ങളുടെ നൈപുണികൾ സ്വായത്വമാക്കുക
ഉപമേഖല :1 കായിക മേഖല
:2 ആരാഗ്യ മേഖല

ആമുഖം

കേരളത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ നടത്തിയ പഠനമനുസരിച്ച് കുട്ടികളിൽ കായികക്ഷമത അനുദിനം കുറഞ്ഞുവന്നുകാണ്ടിരിക്കുകയാണ്.ശരിയായ ആരാഗ്യകായിക അവബോധം ഇല്ലായ്മയാണ് പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത്.കുട്ടിക്കാലത്തെ പ്രസരിപ്പുള്ള ജീവിത ശൈലി,യൗവനത്തിനും വാർദ്ധക്യത്തിലുമുള്ള ആരാഗ്യത്തിന് നേരിട്ട് ഗുണം ചെയ്യുന്നു.

എന്നാൽ ആധുനിക ജീവിതശൈലി കുട്ടികളെയും മുതിർന്നവരെയും ഒന്നുപാലെ പ്രവർത്തന മാന്ദ്യമുള്ളവരാക്കുന്നു.ചില സംസ്കാരങ്ങളിൽ വളർന്നവർക്കിടയിൽ നിഷ്ക്രിയത്വവും,അനന്തരഫലമായുള്ള,അമിതമേദസ്സും,രോഗങ്ങളും ഒരു പ്രതിസന്ധി ആനുപാതികത്തിൽ എത്തിയിരിക്കുന്നു. സ്വന്തമായാരു കളി സ്ഥലത്തിന്റെ അഭാവം ഞങ്ങളുടെ/ സ്കൂളിലെ കായിക പ്രവർത്തനങ്ങൾക്ക് വിഘാതമാകുന്നുണ്ട്.

ലക്ഷ്യം:-കായികക്ഷമത കൈവരിക്കൽ,ആരാഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ.

പ്രവർത്തനം:-1

1,ലഘു വ്യായാമം/സൂമ്പ /എയ്റോബിക്സ്
കാലയളവ്: ആഴ്ചയിൽ 1 ദിവസം
സാമ്പത്തികം: ആവശ്യമില്ല
പ്രവർത്തകർ: കായിക അധ്യാപകർ

പ്രവർത്തനം 2

ലക്ഷ്യം-കുട്ടികളെ വിവിധ മത്സരത്തിനായി തയ്യാറെടുപ്പിക്കൽ പൂർണ്ണമായ കായിക ക്ഷമത, പങ്കെടുക്കുന്ന കളിയെ കുറിച്ചുള്ള പൂർണ്ണമായ അറിവ്, കളിയുടെ ടെക്നിക് ,ടാക്ടിസ് എന്നിവ മനസ്സിലാക്കുക..
കാലയളവ്: പുറത്തുനിന്നുള്ള പരിശീലകർ 10 ദിവസം..സ്കൂളിലെ കായിക അധ്യാപകർമത്സരം വരെയുള്ള ദിവസങ്ങളിൽപ്രവർത്തിക്കുന്നു.

സാമ്പത്തികം: 10 ദിവസം 5000 രൂപ പ്രതിഫലം എന്ന നിരക്കിൽ..(പുറത്ത് നിന്നുള്ള പരിശീലകർക്ക് )
പ്രവർത്തകർ: പുറത്തുനിന്നുള്ള പരിശീലകർ, സ്കൂളിലെ കായിക അധ്യാപകർ.
ഈ വർഷം മത്സരത്തിനായി പങ്കെടുപ്പിക്കാൻ ഉദ്ദേശിക്കുന്ന ഗെയിമുകൾ
ഹാൻഡ് ബോൾ(ബോയ്സ് ആൻഡ് ഗേൾസ്) പുറത്തുനിന്നുള്ള പരിശീലകർ
ഹോക്കി( ഗേൾസ്)കായികഅധ്യാപകർ
അത്‌ലറ്റിക്സ് (ബോയ്സ് ആൻഡ് ഗേൾസ്)പുറത്തുനിന്നുള്ള പരിശീലകർ
കബഡി(ബോയ്സ് ആൻഡ് ഗേൾസ്) കായിക അധ്യാപകർ
ഫുട്ബോൾ (ബോയ്സ് ആൻഡ്'ഗേൾസ്) പുറത്ത്നിന്നുള്ള പരിശീലകർ
ഷട്ടിൽ ബാഡ്മിൻറൺ (ഗേൾസ് ആൻഡ് ബോയ്സ്)
ചെസ്സ് (ബോയ്സ് ആൻഡ് ഗേൾസ്)
KhoKho -(ബോയ്സ് ആൻഡ് ഗേൾസ്)

പ്രവർത്തനം 3. Annual sports day2025Lp/Up
ലക്ഷ്യം: സ്പോർട്സിനോടുള്ള കുട്ടികളുടെ താൽപര്യം വർദ്ധിപ്പിക്കുക.. കൂടാതെ മാനസിക ഉല്ലാസം, സാമൂഹിക വികാസം എന്നിവ വർദ്ധിപ്പിക്കുക
കാലയളവ്-1day for Up...1day for august)
സാമ്പത്തികം-10000
പ്രവർത്തകർ-കായിക അധ്യാപകർ

**മേഖല - അക്കാദമികം** **ഉപമേഖല - ലൈബ്രറി**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ ലൈബ്രറി സംവിധാനം ആകർഷകമാക്കി പുസ്തകങ്ങളുടെ ഉപയോഗം ഫലപ്രദമാക്കും<br><br>വായനാപരിപോഷണത്തിനുള്ള വൈവിധ്യമാർന്ന സന്ദർഭങ്ങൾ ഒരുക്കുന്നു. | നിലവിൽ ലഭ്യമായ പുസ്തകങ്ങളെ തരംതിരിക്കുന്നു.<br>ഓരോ ക്ലാസിനും ഉപയോഗിക്കാവുന്ന പുസ്തകങ്ങളുടെ ലിസ്റ്റ് തയ്യാറാക്കുന്നു.<br>പുസ്തകവിതരണത്തിന് സഹായികളായി കുട്ടി ലൈബ്രേറിയൻമാരെ തെരഞ്ഞെടുക്കുന്നു.<br>കുട്ടി ലൈബ്രേറിയൻമാർക്ക് പരിശീലനം<br>പുസ്തകവിതരണം ആഴ്ചയിലൊരിക്കൽ<br>ലൈബ്രറിയുടെ ചുമരുകൾ പ്രശസ്ത സാഹിത്യകാരന്മാരുടെ ഫോട്ടോകൾകൊണ്ട് അലങ്കരിക്കുന്നു.<br>ആവശ്യമുള്ള പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള സൗകര്യമൊരുക്കുന്നു.<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ വാങ്ങുകയും അവ പ്രദർശിപ്പിച്ച് കുട്ടികൾക്ക് വായിക്കാനുള്ള പ്രേരണ ഉണ്ടാക്കുകയും ചെയ്യുന്നു.<br>വായനാവാരത്തോടനുബന്ധിച്ച് പുസ്തകപ്രദർശനം, വിവിധ വിഷയങ്ങളെ അധികരിച്ചുള്ള സെമിനാറുകൾ സംഘടിപ്പിക്കുന്നു.<br>കുട്ടികൾക്ക് പുസ്തകങ്ങൾ കാണാനും പരിചയപ്പെടാനുമുള്ള അവസരം സൃഷ്ടിക്കുന്നു.<br>വായനാവാരത്തിൽ വിവിധ പരിപാടികൾ സംഘടിപ്പിക്കുന്നു.<br>രക്ഷിതാക്കൾക്ക് മത്സരങ്ങൾ സംഘടിപ്പിച്ച് അവരെ ലൈബ്രറി പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുന്നു.<br>അമ്മ വായന പ്രോത്സാഹിപ്പിക്കുന്നു<br>ബർത്ത്ഡേക്ക് ഒരു പുസ്തകം പദ്ധതി വിപുലപ്പെടുത്തുന്നു.<br>ഇ - വായന, ഇ - പത്രം നടപ്പിലാക്കുന്നു. | ഏപ്രിൽ - മെയ്<br><br>ജൂൺ<br>രണ്ടാം വാരം<br><br>ജൂലായ് - മാർച്ച്<br><br>ഏപ്രിൽ - മെയ്<br>ജൂൺ - മാർച്ച്<br><br>ജൂൺ<br><br>ജൂൺ - മാർച്ച് | ലൈബ്രേറിയൻ<br>അധ്യാപകൻ<br>ലൈബ്രേറിയൻ<br>ലൈബ്രേറിയൻ<br><br>കുട്ടി ലൈബ്രേറിയൻ<br>മലയാളം സബ്ജക്ട് കൗൺസിൽ<br>എസ്.ആർ.ജി<br>ലൈബ്രേറിയൻ<br><br>ലൈബ്രേറിയൻ<br>പി ടി എ<br>മലയാളം ക്ലബ്ബ്<br>വിദ്യാരംഗം ക്ലബ്ബ്<br>ലൈബ്രേറിയൻ<br><br>ലൈബ്രേറിയൻ<br>ക്ലാസ് അധ്യാപകർ<br>മലയാളം അധ്യാപകർ | എസ്.എസ്.കെ ഗ്രാന്റ് സ്പോൺസർഷിപ്പ്<br><br>പി ടി എ |

# ഉപമേഖല -പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പിന്തുണ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളെ മുൻപന്തിയിലെത്തിക്കുന്നതിന് | പലതരം സവിശേഷതകൾ നേരിടുന്ന കുട്ടികളെ കണ്ടെത്തുന്നു | ജൂൺ | ക്ലാസ് അധ്യാപകൻ | |
| | രക്ഷിതാക്കളുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുന്നു, രേഖപ്പെടുത്തുന്നു. | ജൂൺ | ക്ലാസ് അധ്യാപകൻ | |
| | മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്നതിന് അവസരമൊരുക്കുന്നു. | ആഗസ്റ്റ് | CWSN ചുമതലയുള്ള അധ്യാപകർ | പി. ടി. എ |
| | വിവിധ ആനുകൂല്യങ്ങൾ നേടിയെടുക്കാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുന്നു. | ജൂൺ - മാർച്ച് | CWSN ചുമതലയുള്ള അധ്യാപകർ | |
| | റിസോഴ്സ് അധ്യാപകരുമായി യോജിച്ച്കൊണ്ട് പഠനാസൂത്രണം നടത്തുന്നു | ജൂൺ | | |
| | വിദഗ്ധരുടെ സേവനം ഉറപ്പാക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | സ്പർശം പദ്ധതി |
| | കുട്ടികൾക്ക് പ്രാപ്യമാകുന്ന തരത്തിലുള്ള ഐസിടി പ്രവർത്തനങ്ങൾക്കുള്ള അവസരം | | | |
| | രക്ഷിതാക്കൾക്ക് ബോധവൽക്കരണപ്രവർത്തനങ്ങൾ, ക്യാമ്പുകൾ, നിരന്തര പിന്തുണ ഉറപ്പാക്കൽ | ജൂലായ് | വിദഗ്ധർ, റിസോഴ്സ് അധ്യാപകർ | |
| | മാനസിക ഉല്ലാസം നൽകുന്ന പ്രവർത്തനങ്ങൾ | എല്ലാ മാസവും | കലാമികവുള്ള കുട്ടികൾ, അധ്യാപകർ, റിസോഴ്സ് അധ്യാപകർ | |
| | പ്രതിഭകൾക്കൊപ്പം: കലാപരമായി മികവു പ്രകടിപ്പിക്കുന്ന കുട്ടികൾക്കൊപ്പം ചേർന്ന് ഒരു ദിവസം | | | |
| സർഗവേള | വീട്ടിലൊരു ക്ലാസ്: അധ്യാപകരും കുട്ടികളും ചേർന്ന് ഭിന്നശേഷിക്കാരായ കുട്ടികളുടെ ഗൃഹസന്ദർശനം | സപ്തംബർ ഒക്ടോബർ | വിദഗ്ധർ, റിസോഴ്സ് അധ്യാപകർ | |
| | കുട്ടികളുടെ സവിശേഷ കഴിവുകൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നു. | | | |

മേഖല - അക്കാദമികം

ഉപമേഖല -ടാലന്റ് ലാബ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മത്സരപരീക്ഷകളെ അഭിമുഖീകരിക്കുന്നതിന് (ഒപ്പം) | എൽ.എസ്.എസ്, യു എസ് എസ് പരീക്ഷകൾക്ക് നേരത്തെ പരിശീലനം നൽകുന്നു<br>അവധി ദിവസങ്ങളിലും വൈകുന്നേരങ്ങളിലും ക്ലാസുകൾ, മോഡൽ പരീക്ഷകൾ | ആഗസ്റ്റ് | വിവിധ സബ്ജക്ട് കൗൺസിലുകൾ<br>എസ്. ആർ. ജി | രജിസ്ട്രേഷൻ ഫീസ് |
| പഠനത്തോടൊപ്പം എല്ലാ മാനവികമൂല്യങ്ങളും നേതൃഗുണവും വളർത്തിയെടുക്കുന്നതിന് (ലക്ഷ്യ) | വ്യക്തിത്വവികസന പരിപാടികൾ, അഭിമുഖങ്ങൾ സംഘടിപ്പിക്കൽ, മോട്ടിവേഷൻ ക്ലാസുകൾ<br>സഹവാസ ക്യാമ്പ്, പ്രസംഗ പരിശീലനം | ഫിബ്രവരി | വിവിധ ക്ലബ്ബുകൾ | |
| ശാസ്ത്ര, സാമൂഹിക ശാസ്ത്ര, ഗണിതശാസ്ത്ര, പ്രവൃത്തിപരിചയ മേളകളിൽ പങ്കെടുക്കുന്നതിൽ താൽപര്യവും അഭിരുചിയും വളർത്തുന്നതിന് (ഒരുക്കം) | ഗണിതം, ശാസ്ത്രം സാമൂഹ്യശാസ്ത്രം, പ്രവൃത്തിപരിചയം എന്നീ മേഖലകളിൽ വിദഗ്ധരെ പങ്കെടുപ്പിച്ച് ശില്പശാല | ജൂലായ്<br>ജൂൺ - മാർച്ച് | വിദ്യാരംഗം കലാവിഭാഗം കൺവീനർ | |
| കുട്ടികളുടെ കലാവാസന പ്രോത്സാഹിപ്പിക്കുന്നതിന് (സർഗമേള) | നിശ്ചിത ഇടവേളകളിൽ സാഹിത്യസമാജം നടത്തുന്നു.<br>കുട്ടികളുടെ സ്വതന്ത്ര്യ അഭിപ്രായം, നിർഭയമായ രചനയും ആവിഷ്ക്കാരം എന്നിവ പ്രോത്സാഹിപ്പിക്കുന്നു.<br>സ്കൂൾ മാധ്യമപ്രവർത്തനത്തിന് അവസരമൊരുക്കുന്നു. | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | വിവിധ ക്ലബ്ബ് കൺവീനർമാർ | പിടിഎ |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | കുട്ടികളുടെ അഭിരുചി കണ്ടെത്തി വിവിധ ക്ലബ്ബുകളിൽ അംഗത്വം.<br>ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ കുട്ടികളുടെ നേതൃത്വത്തിൽ നടത്തുന്നു.<br>സാമൂഹ്യജീവിതവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>എല്ലാവരുടേയും പങ്കാളിത്തം ഉറപ്പാക്കുന്നു.<br>ഐ ടി അധിഷ്ഠിത പ്രവർത്തനങ്ങൾ | ജൂൺ - മാർച്ച്<br>ജൂൺ - മാർച്ച് | ഐ ടി ചുമതലയുള്ള അധ്യാപകർ | പിടി എ രജിസ്ട്രേഷൻ ഫീസ് |
| ഐ. ടി സാധ്യതകളെ പ്രയോജനപ്പെടുത്തി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | മലയാളം ടൈപ്പിംഗ്, ഡിജിറ്റൽ പെയിന്റിംഗ്<br>വീഡിയോ എഡിറ്റിംഗ്,<br>ഇമേജ് എഡിററിംഗ്, സി.ഡി റൈറ്റിംഗ് മുതലായവ | ഫിബ്രവരി | | |
| സ്കൂൾ തിയേറ്റർ | അഭിനയ ക്യാമ്പ് വിദഗ്ധരെ സംഘടിപ്പിച്ച് നടത്തുന്നു. | | വിദ്യാരംഗം | |

# ജെ.ആർ.സി, സ്കൗട്ട് & ഗൈഡ്സ്

സാമൂഹ്യസേവനത്തിന് കുട്ടികളെ സജ്ജരാക്കുയെന്നതാണ് വിദ്യാലയത്തിൽ ജെ.ആർ.സി, സ്കൗട്ട് & ഗൈഡ്സ് സംവിധാനങ്ങൾകൊണ്ട് ഉദ്ദേശിക്കുന്നത്. സമൂഹത്തിന് ഉതകുന്ന ഉത്തമപൗരന്മാരായി കുട്ടികൾ വളരുന്നു. സഹജീവി സ്നേഹം, പരസഹായം, സേവനം, നേതൃഗുണം എന്നിവ കുട്ടികളിൽ വളർത്തിയെടുക്കാൻ ഇതുപോലുള്ള സന്നദ്ധ സേവന സംഘടനകൾ വിദ്യാലയത്തിൽ ആവശ്യമാണ്.

| ലക്ഷ്യം | പ്രവർത്തനം | മാസം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സഹജീവി സ്നേഹം<br>സഹായം, സേവനം<br>നേതൃഗുണം കുട്ടികളിൽ വളർത്തുക | യുദ്ധവിരുദ്ധ റാലി<br>ലഹരി വിരുദ്ധറാലി<br>പ്രഥമ ശുശ്രൂഷ കിറ്റ്<br>ഏകദിന ക്യാമ്പ് | ആഗസ്റ്റ്<br>ജൂൺ<br>ഒക്ടോബർ<br>ജനുവരി | JRC<br>Scout<br>Guides | P. T A |

## ബാലനിധി

കുട്ടികളുടെ സമ്പാദ്യ പദ്ധതിയാണ് ബാലനിധി. ആഴ്ചയിലൊരിക്കൽ തുക അടയ്ക്കാനുള്ള സൗകര്യം വിദ്യാലയത്തിൽ ഒരുക്കും. നിക്ഷേപതുക കുട്ടി മറ്റൊരു സ്കൂളിലേക്ക് മാറുമ്പോഴോ മറ്റ് അവശ്യഘട്ടം വരുമ്പോഴോ നൽകുന്നതാണ്.

## ക്ലബ്ബ് പ്രവർത്തനം

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട ഒട്ടേറെ ക്ലബ്ബുകൾ വിദ്യാലയത്തിൽ പ്രവർത്തിക്കുന്നു. ദിനാചരണങ്ങൾ മറ്റു പരിപാടികൾ എന്നിവയ്ക്കെല്ലാം നേതൃത്വം നൽകുന്നത് വിവിധ ക്ലബ്ബുകളാണ്.

# മോണിറ്ററിംഗ്

വിദ്യാലയത്തിലെ പ്രവർത്തനപദ്ധതികളെല്ലാം നടപ്പിലാക്കുന്നതിന് ഒരേയൊരു ലക്ഷ്യംമാത്രമാണുള്ളത്. മെച്ചപ്പെട്ട വിദ്യാഭ്യാസം ഓരോ കുട്ടിയിലുമെത്തണം സർക്കാർ സംവിധാനങ്ങളും പൊതുസമൂഹവും വിദ്യാലയ വളർച്ചയ്ക്ക് എല്ലാ പിന്തുണയും നൽകി വരുന്നു. പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾ മികവിലേക്കെത്തുമ്പോഴാണ് ഓരോ വിദ്യാലയവും മികവിലേക്കുയരുന്നത്.

സ്കൂളിലെ അക്കാദമിക പ്രവർത്തനങ്ങൾ കൃത്യമായ മോണിറ്ററിംഗ് സംവിധാനത്തിലൂടെയാണ് വിലയിരുത്തപ്പെടണം. പരിമിതികളും മികവുകളും പരിശോധിച്ച് വിലയിരുത്തുമ്പോഴാണ് പ്രവർത്തനം അതിന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നത്.

- ദിവസേനയുള്ള മോണിറ്ററിംഗ് ഹെഡ്മാസ്റ്ററുടെ നേതൃത്വത്തിൽ നടക്കുന്നു.
- ഉദ്യോഗസ്ഥതലത്തിലുള്ള മോണിറ്ററിംഗ് (എ.ഇ.ഒ, എസ്.എസ്.എ) ശക്തമാക്കുന്നു.
- പി. ടി. എ, എസ്. എസ്. ജി, എസ്. ആർ.ജി, ഒ.എസ്.എസ് എന്നിവരുടെ മോണിറ്ററിംഗ്
- മികവുകളും പരിമിതികളും എസ്.ആർ.ജി യിൽ ചർച്ച ചെയ്യുന്നു.
- പരിഹാര നടപടികൾ സ്വീകരിക്കുന്നു.

# പ്രവർത്തന കലണ്ടർ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| മെയ് | എസ് ആർ ജി മീറ്റിംഗ്,<br>ടൈംടേബിൾ നിർമ്മാണ ചുമതല നൽകൽ,<br>സബ്ജക്ട് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ പാഠഭാഗം ആസൂത്രണം ചെയ്യൽ,<br>പ്രീ ടെസ്റ്റ് ചോദ്യങ്ങൾ നിർമ്മിക്കൽ,<br>ഐസിടി സാധ്യതകൾ പട്ടികപ്പെടുത്തൽ,<br>മൊഡ്യൂൾ നിർമ്മാണം. |
| ജൂൺ | പ്രവേശനോത്സവം,<br>പ്രീടെസ്റ്റ് പരിഹാര ബോധനം,<br>പരിസ്ഥിതി ദിനം,<br>വായനാദിനം,<br>വിവിധ ക്ലബ്ബുകളുടെ രൂപീകരണം,<br>സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസപദ്ധതി-പ്രവർത്തനങ്ങൾ,<br>ലഹരിവിരുദ്ധദിനം,<br>ക്ലാസ് ലൈബ്രറി വിപുലീകരണം,<br>ക്ലാസ് പിടിഎ,<br>ക്ലാസ്സുല കയ്യെഴുത്ത് മാസിക നിർമ്മാണം,<br>രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസ്. |
| ജൂലൈ | വൈക്കം മുഹമ്മദ് ബഷീർ ദിനം,<br>ജനസംഖ്യാദിനം,<br>രാമായണം- പ്രശ്നോത്തരം,<br>ചാന്ദ്രദിനം,<br>പ്രേംചന്ദ് ദിനം,<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം- തുടർ പ്രവർത്തനങ്ങൾ<br>**Be the star-** മുന്നാക്ക വിഭാഗത്തിലെ കുട്ടികൾക്കുള്ള ഇംഗ്ലീഷ് പരിശീലന |

| | പരിപാടി |
|---|---|
| ആഗസ്റ്റ് | ഹിരോഷിമ - നാഗസാക്കി ദിനാചരണം,<br>സംസ്കൃത ദിനം,<br>സ്വാതന്ത്ര്യദിനാഘോഷം,<br>ദേശീയ ബഹിരാകാശ ദിനം,<br>ക്ലാസ് പിടിഎ,<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം- തുടർ<br>പ്രവർത്തനങ്ങൾ,<br>പാദവാർഷിക പരീക്ഷ. |
| സെപ്റ്റംബർ | ദേശീയ ശുചീകരണ ദിനം,<br>അധ്യാപക ദിനം,<br>ഹിന്ദി ദിനം,<br>ഓസോൺ ദിനം,<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതി-<br>തുടർ പ്രവർത്തനങ്ങൾ,<br>ക്ലാസ് പിടിഎ,<br>സ്കൂൾതല ശാസ്ത്ര ഗണിത<br>ശാസ്ത്രസാമൂഹ്യശാസ്ത്ര പ്രവൃത്തി<br>പരിചയമേള,<br>സ്കൂൾതല കായികമേള |
| ഒക്ടോബർ | ഗാന്ധിജയന്തി,<br>ലോക ബഹിരാകാശ വാരാചരണം,<br>രക്ഷിതാക്കൾക്കുള്ള ശില്പശാല,<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം-<br>തുടർപ്രവർത്തനങ്ങൾ,<br>സ്കൂൾ കലാമേള, |
| നവംബർ | കേരളപ്പിറവി ദിനം,<br>ലോക ശാസ്ത്ര ദിനം,<br>ശിശുദിനം,<br>സംസ്കൃതോത്സവം,<br>ക്ലാസ് പിടിഎ,<br>പിന്നാക്കക്കാർക്കുള്ള പരിശീലനം,<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം- തുടർ<br>പ്രവർത്തനങ്ങൾ,<br>പഠനയാത്ര |

| | |
|---|---|
| ഡിസംബർ | ലോക എയ്ഡ്സ് ദിനം,<br>മനുഷ്യാവകാശ ദിനം,<br>ബോധവൽക്കരണ ക്ലാസ്,<br>സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ- സ്കൂൾ തലം,<br>ലോക അറബി ഭാഷാ ദിന പരിപാടികൾ,<br>ഊർജ്ജസംരക്ഷണ ദിനം,<br>അന്താരാഷ്ട്ര മില്ലറ്റ് ദിനം,<br>രാമാനുജൻ ദിനം,<br>അർദ്ധ വാർഷിക പരീക്ഷ |
| ജനവരി | വിശ്വ ഹിന്ദി ദിനം,<br>ക്ലാസ് പിടിഎം<br>റിപ്പബ്ലിക് ദിനം,<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം- തുടർ പ്രവർത്തനങ്ങൾ, |
| ഫെബ്രുവരി | ദേശീയ ശാസ്ത്രദിനം- സ്കൂൾ എക്സ്പോ,ഉൽപ്പന്ന പ്രദർശനം,<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം- തുടർ പ്രവർത്തനങ്ങൾ,<br>മാതൃഭാഷാ ദിനാചരണം |
| മാർച്ച് | ക്ലാസ് പിടിഎം,<br>പിന്നാക്കക്കാർക്കുള്ള ശില്പശാല,<br>വാർഷിക പരീക്ഷ |

# ഉപസംഹാരം

അക്കാദമിക മികവിന് ഊന്നൽ നൽകികൊണ്ട് സ്കൂളിൽ നടപ്പിൽ വരുത്തുന്നതാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഗുണമേന്മയുള്ള വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിൽ സാധ്യമാക്കുന്നതിനുള്ള കർമ്മപദ്ധതികൾ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വിഭാവനം ചെയ്യുന്നു. അധ്യാപകരെ കൂടാതെ ജനകീയ പങ്കാളിത്തത്തിലൂടെ അക്കാദമികവും ഭൗതികവുമായ പുരോഗതി സമഗ്രമായി പരിശോധിച്ച് ആസൂത്രണം വിദ്യാലയങ്ങളിൽ തയ്യാറാക്കിവരുകയാണ്

കുട്ടിയുടെ പഠനം ക്ലാസ് റൂമിലും പഠനവിഷയത്തിലും ഒതുക്കാവുന്നതല്ല. അറിവ് സമ്പാദനവും വ്യക്തിത്വവികസനവും സർഗ്ഗപരമായ ശേഷി സമ്പാദിക്കുക വഴി യഥാർത്ഥ വിദ്യാഭ്യാസം ഓരോ കുട്ടിയിലും എത്തണം. അതിനുള്ള ചുവടുവെപ്പാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. മതനിരപേക്ഷ - ജനാധിപത്യ സംസ്കാരം, ലിംഗസമത്വം, സമഭാവന തുടങ്ങിയ എല്ലാ മാനവിക മൂല്യങ്ങളും നേടിയെടുക്കണം. അതിനുതകുന്ന തരത്തിൽ അക്കാദമിക പ്രവർത്തനങ്ങളെ മേഖല തിരിച്ച് ലക്ഷ്യവും പ്രവർത്തനവും കാലവും ചുമതലയുമെല്ലാം വളരെ സൂക്ഷ്മമായി തന്നെ മാസ്റ്റർ പ്ലാനിൽ നൽകിയിട്ടുണ്ട്. സ്കൂളിൽ നടപ്പിലാക്കാൻ പോകുന്ന ഹ്രസ്വവും ദീർഘവുമായ പ്രവർത്തനങ്ങൾ കൂടാതെ ദൈനംദിന പ്രവർത്തനങ്ങൾ വരെ മാസ്റ്റർ പ്ലാനിൽ ചേർത്തിട്ടുണ്ട്. ക്ലാസ് റൂം അക്കാദമിക പ്രവർത്തനങ്ങൾക്കൊപ്പം കുട്ടികൾ ആർജ്ജിക്കേണ്ട വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട വ്യത്യസ്ത ശേഷികൾ, ലക്ഷ്യങ്ങൾ മുൻനിർത്തി തയ്യാറാക്കിയ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ വിജയം എന്നത് പഠിതാവിന്റെ മികവിനെ പരിപോഷിപ്പിക്കുന്ന ഗുണപരമായ നൈപുണികൾ അവൻ നേടി എന്ന് ഉറപ്പുവരുത്തുമ്പോഴാണ്. കുട്ടികളിലെ വിദ്യാഭ്യാസ നിലവാരവും, വ്യക്തിത്വവും ഉന്നതിയിലെത്തിക്കുകവഴി സാമൂഹിക മുന്നേറ്റമെന്ന ലക്ഷ്യത്തിലേക്ക് പൊതുവിദ്യാഭ്യാസം എത്തിച്ചേരും. വിദ്യാഭ്യാസ പ്രക്രിയയിൽ ഇടപെടുന്നവരുടെയും മറ്റ് സുമനസ്സുകളുടെയും പിന്തുണയും സഹായവും വിദ്യാഭ്യാസ മേഖലത്ത് താങ്ങാവുമ്പോൾ ശക്തിപ്പെടുന്നത് നമ്മെ നാമാക്കിയ പൊതുവിദ്യാഭ്യാസം തന്നെയാണ്.

പൊതുവിദ്യാലയങ്ങൾ സമഗ്രപുരോഗതിയിലേക്ക് ചുവടുവയ്ക്കുമ്പോൾ ഓരോ പ്രദേശത്തും അതിന്റെ ഗുണഫലങ്ങൾ പ്രതിഫലിക്കും. അത്തോളിയിലേയും പരിസരപ്രദേശങ്ങളിലെയും ആളുകളുടെ അക്ഷരാഭ്യാസത്തിന് തുടക്കം കുറിച്ച വേളൂർ ജി.എം. യു.പി. സ്കൂൾ മുന്നോട്ടു വെക്കുന്ന പ്രവർത്തനങ്ങൾക്കൊപ്പം പങ്കുചേരുന്നവരുടെ പിന്തുണയാണ് ഞങ്ങളുടെ ശക്തി. തുടർന്നും ഏവരുടേയും സഹകരണം പ്രതീക്ഷിക്കുകയാണ്.

**മുന്നേറാം മികവോടെ.........**